കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മയ്യിൽ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.2/1323/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 25/09/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മയ്യിൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മയ്യിൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മയ്യിൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.2/1323/2023 തീയ്യതി: 25/09/2023

കണ്ണൂർ ജില്ലയിലെ മയ്യിൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ മയ്യിൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. എ. ആർ. ജിതേന്ദ്രൻ	ഡെപ്യൂട്ടി ഡയറക്ടർ	03-08-2023	11-08-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
03-08-2023	11-08-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സി.വി. ജ്യോതിഷ് കുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി. ഷിജില വി. ഡി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. നിഷ. കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. അന്ന അബ്രഹാം, ഓഡിറ്റർ (ഹ.ഗ്രേ)

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)

ശ്രീമതി. കെ. കെ. റിഷ്ന.	പ്രസിഡന്റ്	01-04-2022	17-11-2022
ശ്രീ. രാമചന്ദ്രൻ. എ. ടി.	പ്രസിഡന്റ്	18-11-2022	07-12-2022
ശ്രീമതി. അജിത. എം. വി.	പ്രസിഡന്റ്	08-12-2022	31-03-2023
ശ്രീ. പി. ബാലൻ.	സെക്രട്ടറി	01-04-2022	13-01-2023
ശ്രീ. രജീഷ്. ടി.	സെക്രട്ടറി-ഇൻ-ചാർജ്ജ്	14-01-2023	31-03-2023

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. രജീഷ്. ടി.	അസിസ്റ്റന്റ് സെക്രട്ടറി	01-04-2022	31-03-2023
ശ്രീമതി. ബീന. എ.	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2022	31-03-2023
ശ്രീ. പ്രമോദ്. എസ്.	കൃഷി ഓഫീസർ	01-04-2022	31-03-2023
ശ്രീമതി. ഷൈനി. എം.	വി.ഇ.ഒ. മയ്യിൽ	01-04-2022	17-10-2022
ശ്രീ. കമാലുദ്ദീൻ. എൻ. പി.	വി.ഇ.ഒ. മയ്യിൽ	18-10-2022	31-03-2023
ശ്രീ. രഞ്ചിത്ത് ബാബു. ആർ	വി.ഇ.ഒ. കയരളം	01-04-2022	17-10-2022
ശ്രീമതി. ഷൈനി. എം.	വി.ഇ.ഒ. കയരളം	18-10-2022	31-03-2023
ഡോ. കാർത്ത്യായാനി. പി. കെ.	മെഡിക്കൽ ഓഫീസർ CHC മയ്യിൽ	01-04-2022	31-03-2023
ഡോ. ആസിഫ് എം അഷറഫ്	വെറ്റിനറി സർജൻ	01-04-2022	31-03-2023
ഡോ. പി. വി. രാജേഷ്.	മെഡിക്കൽ ഓഫീസർ ആയുർവേദം	01-04-2022	31-03-2023
ശ്രീമതി. ലളിത. എം.	ഐ സി ഡി എസ് സൂപ്പർവൈസർ	01-04-2022	31-03-2023
ശ്രീമതി. കാഞ്ചന. കെ. വി.	ഹെഡ് മാസ്റ്റർ	01-04-2022	31-03-2023
ശ്രീമതി. പൊന്നി. എം. സി.	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2022	31-03-2023
ശ്രീ. ഷാജി. സി.	ഫിഷറീസ് സബ് ഇൻസ്പെക്ടർ	01-04-2022	30-06-2022

ശ്രീ. ടി. ആർ. രാജേഷ്.	ഫിഷറീസ് സബ് ഇൻസ്പെക്ടർ	01-07-2022	31-07-2022
ശ്രീമതി. പ്രീത. പി. വി.	ഫിഷറീസ് സബ് ഇൻസ്പെക്ടർ	01-08-2022	08-12-2022
ശ്രീ. ടി. കെ. രജീഷ്.	ഫിഷറീസ് സബ് ഇൻസ്പെക്ടർ	09-12-2022	29-12-2022
ശ്രീ. അരുൺ സുരേഷ്.	ഫിഷറീസ് സബ് ഇൻസ്പെക്ടർ	30-12-2022	31-03-2023

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല	1-1-1
3	ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-2
4	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.	1-1-3
5	ഡി സി ബി സംക്ഷിപ്തം കൃത്യത ഇല്ല	1-1-4
6	ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് നീക്കിയിരിപ്പിലെ അപാകത	1-1-5
7	ബി-4 ലെ മറ്റ് ബാധ്യതകൾ -ഇനം വ്യക്തമല്ല	1-1-6
8	കാലഹരണപ്പെട്ട തുക മുതൽകൂട്ടിയിട്ടില്ല	1-1-7
9	വർഷാന്ത്യ സ്റ്റോക്ക് - അപാകത	1-1-8
10	ബജറ്റ്	1-2
11	പുതുക്കിയ ബജറ്റ്	1-2-1
12	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)	1-3
13	ഫണ്ട് വിനിയോഗം	1-4
14	പദ്ധതി അവലോകനം.	1-5
15	തൊഴിലുറപ്പ് പദ്ധതി	1-6
16	ക്ഷേമ പദ്ധതികൾ	1-7
17	ക്യാഷ് പരിശോധന	1-8
18	ആഭ്യന്തരനിയന്ത്രണം	1-9
19	ഗ്രാമസഭ	1-10
20	ഉപയോഗിക്കാത്ത റെസീപ്റ്റ് ബുക്കിലെ എല്ലാ പേജുകളും കൃഷി ഓഫീസർ ക്യാൻസൽ ചെയ്തു.	1-11
21	വസ്തു നികുതി - ഉയർന്നതരം തറനിർമ്മിതിക്കു ബാധകമായ 15% നികുതി വർദ്ധനവ് ഡിമാൻഡ് ചെയ്യുന്നില്ല.	1-12
22	തൊഴിൽ നികുതി ഈടാക്കുന്നില്ല.	1-13
23	മൂലധന നിക്ഷേപം കണക്കാക്കിയതിൽ കൃത്യതയില്ല - FTE & OS ലൈസൻസ് ഫീസ് ഈടാക്കിയതിൽ ₹4500 യുടെ കുറവ്	1-14
24	ഇ-ടെണ്ടർ ഫീ - ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ലഭിച്ചില്ല	1-15
25	കന്നുകുട്ടി പരിപാലന പദ്ധതി - പദ്ധതി വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല	1-16

26	സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം - പദ്ധതി പൂർത്തീകരിച്ചിട്ടില്ല ₹202131 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-17
27	ഇൻഫോർമേഷൻ കേരള മിഷന് വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല - ₹81800 തടസ്സപ്പെടുത്തുന്നു	1-18
28	അങ്കണവാടി പോഷകാഹാരം- 2% ജി എസ് ടി ടി.ഡി.എസ് ഈടാക്കിയിട്ടില്ല.	1-19
29	സാന്ത്വന പരിചരണം - മരുന്നുകൾ ലഭ്യമായിട്ടില്ല - ₹3854 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-20
30	ഹോമിയോ ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ - മരുന്ന് ലഭ്യമായില്ല ₹150000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-21
31	ബാല സൗഹൃദ ഗ്രാമം - പ്രോജക്ടിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ നിറവേറ്റിയില്ല	1-22
32	എയ്ഡഡ് സ്കൂളിൽ ടോയിലറ്റ് നിർമ്മാണം – പെരുമാച്ചേരി AUP സ്കൂളിലെ ടോയിലറ്റ് ഉപയോഗിക്കപ്പെടുന്നില്ല.	1-23
33	ലൈഫ് ഭവന പദ്ധതി - പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.	1-24
34	നിർവഹണ ഉദ്യോഗസ്ഥൻമാർക്ക് നൽകിയ മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല.	1-25
35	സ്മാർട്ട് ഐ-ഫേസ് 1- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല ₹50000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-26
36	പഞ്ചായത്ത് പൊതു ഭൂമിയിൽ തെങ്ങ് വച്ചുപിടിപ്പിക്കൽ - രേഖകൾ ലഭ്യമാക്കിയിട്ടില്ല ₹317731 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-27
37	തെങ്ങിന് ജൈവവളം വിതരണം- അനുബന്ധ ചെലവ് രേഖകൾ ലഭ്യമാക്കിയില്ല ₹853173 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-28
38	സബ്സെന്ററുകൾക്ക് ഉപകരണം വാങ്ങൽ - വാങ്ങിയ ഉപകരണങ്ങൾ വിതരണം ചെയ്തിട്ടില്ല ₹228660 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.	1-29
39	തനത് വരുമാനം-അവലോകനം	1-30
40	ഡെപ്പോസിറ്റ് പ്രവൃത്തികൾ - അവലോകനം	1-31
ഭാഗം **2**		
--- No Records Found ---		
ഭാഗം **3**		
--- No Records Found ---		
ഭാഗം **4**		
1	ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3

4	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം	4-4
5	വായ്പ / വായ്പ തിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	RECEIPT & PAYMENT STATEMENT	
4	INCOME & EXPENDITURE STATEMENT	
5	BALANCE SHEET	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് മയ്യിൽ ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 27-06-2023 ലെ 97/2023 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 01.07.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മയ്യിൽ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മയ്യിൽ ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കണ്ണൂർ, ഡെപ്യൂട്ടി ഡയറക്ടർ
25-09-2023

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

1. 2011 ലെ കേരള പഞ്ചായത്ത് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 62(F) പ്രകാരം അടിസ്ഥാന അനുപാതങ്ങൾ കണക്കാക്കി വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

2. തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുത്തിയ ബി-1 ഷെഡ്യൂൾ ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹9718160 ആണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹-5713890 ആണ്.

അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

B-11 ഷെഡ്യൂളിൽ പരാമർശിച്ച ആസ്തികളുടെ മൂല്യം പരിശോധിക്കുവാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

1-1-4 ഡി സി ബി സംക്ഷിപ്തം കൃത്യത ഇല്ല

എഫ് ടി ഇ & ഒ എസ് രജിസ്റ്റർ, തൊഴിൽനികുതി രജിസ്റ്റർ എന്നിവയിൽ അഡ്വാൻസ് കലക്ഷൻ സംബന്ധിച്ച വിവരങ്ങളും മുൻവർഷത്തെ അഡ്വാൻസ് കലക്ഷനിൽ നിന്നും ക്രമീകരിച്ച തുകയുടെ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടില്ല.

1-1-5 ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് നീക്കിയിരിപ്പിലെ അപാകത

ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് B-11 (B) ൽ മുൻ വർഷത്തെ നീക്കിയിരിപ്പ് തുകയായ ₹1769491 തന്നെയാണ് 2022-23 വർഷത്തേയും നീക്കിയിപ്പായി ചേർത്തിരിക്കുന്നത്.

1-1-6 ബി-4 ലെ മറ്റ് ബാധ്യതകൾ -ഇനം വ്യക്തമല്ല

B-4 ഷെഡ്യൂളിലെ അദർ ലയബിലിറ്റീസ് ആയി കാണിച്ച ₹29810 ഏത് ഇനത്തിലേതാണെന്ന് വ്യക്തമായിട്ടില്ല.

1-1-7 കാലഹരണപ്പെട്ട തുക മുതൽകൂട്ടിയിട്ടില്ല

B-9 ഷെഡ്യൂളിൽ സ്റ്റെയിൽ ചെക്ക് ഇനത്തിൽ ₹2050 രേഖപ്പെടുത്തിയിട്ടുണ്ട്. 2021-22 വർഷത്തെ വാർഷിക കണക്കിലും ടി തുക സ്റ്റെയിൽ ചെക്കായി കാണിച്ചിട്ടുണ്ട്. പ്രസ്തുത ചെക്ക് എൻക്യാഷ് ചെയ്ത് തനത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല.

1-1-8 വർഷാന്ത്യ സ്റ്റോക്ക് - അപാകത

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ മാസാന്ത്യത്തിലും സെക്രട്ടറി സ്റ്റോക്കിന്റെ തൻമാസ വിനിയോഗം ശേഖരിക്കേണ്ടതും വർഷാന്ത്യത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി പൊരുത്തപ്പെടുത്തേണ്ടതുമാണ്. എന്നാൽ ബാലൻസ് ഷീറ്റിലെ B-14 ഷെഡ്യൂൾ പ്രകാരം ക്ലോസിംഗ് സ്റ്റോക്കില്ല.

1-2 ബജറ്റ്

മയ്യിൽ ഗ്രാമ പഞ്ചായത്തിന്റെ 2022-23 ലെ ബജറ്റ് 26-3-2022 ലെ 115/2022-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

മുന്നിരിപ്പ്	38190190
വരവ്	298370000
ആകെ	336560190
ചെലവ്	329004000
നീക്കിയിരിപ്പ്	7556190

1-2-1 പുതുക്കിയ ബജറ്റ്

മയ്യിൽ ഗ്രാമ പഞ്ചായത്തിന്റെ 2022-23 ലെ പുതുക്കിയ ബജറ്റ് 13-03-2023ലെ 37/2023-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

മുന്നിരിപ്പ്	50600557
വരവ്	325322901
ആകെ	375923458

ചെലവ്	333043716
നീക്കിയിരിപ്പ്	42879742

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

വർഷം	2022-23
മുന്നിരിപ്പ്	20493577
വരവ്	52801212
ആകെ	73294789
ചെലവ്	43083052
നീക്കിയിരിപ്പ്	30211737
വരവിനങ്ങളിലെ നഷ്ടം	ഇല്ല
ചെലവിനങ്ങളുടെ നഷ്ടം	ഇല്ല
തടസ്സപ്പെടുത്തിയ തുക	2249929

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം		മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സായ തുക
വികസന ഫണ്ട് - ജനറൽ		0	17921334	17921334	16654799	1266535
വികസന ഫണ്ട് – എസ്.സി.പി		0	1839267	1839267	1839267	0
വികസന ഫണ്ട് - ടി.എസ്. പി		0	0	0	0	0
മെയിന്റനൻസ് ഫണ്ട് – റോഡ്		0	19802000	19802000	7997217	11804783
മെയിന്റനൻസ് ഫണ്ട് – റോഡിതരം		0	5828000	5828000	3636023	2191977
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്	ടൈഡ്	4446156	5813000	10259156	4114198	6144958
	ബേസിക്ക്	68464	3876000 + 235775 (ബാങ്ക് പലിശ)	4180239	2637551	1542688

ഹെൽത്ത് ഗ്രാന്റ്	Dignostic Infra Stucture	0	321644 (318178 + 3466 പലിശ)	321644	142898	178746
	Health Wellness Progrmme	0	177880 (175897 + 1983 പലിശ)	177880	0	177880
കേന്ദ്രാവിഷ്കൃത ഫണ്ട്						
എം.ജി.എൻ.ആർ. ഇ.ജി.എസ്		5066	38949867	38954933	38938735	16198
ഐ.സി.ഡി.എസ് - കേന്ദ്രവിഹിതം		713855	2098600	2812455	1377302	1435153
നാഷണൽ ഹെൽത്ത് മിഷൻ		0	450000	450000	117897	332103
സംസ്ഥാനാവിഷ്കൃത ഫണ്ട്						
സാക്ഷരത		332	10	342	0	342
ലൈഫ് മിഷൻ		280000	6504686	6784686	320000	6464686
ടോട്ടൽ സാനിറ്റേഷൻ കാമ്പെയ്ൻ		1098718	0	1098718	0	1098718
നിർമൽ പുരസ്കാർ		120024	0	120024	0	120024
ബയോഡൈവേഴ്സിറ്റി, വിമുക്തി, ബഡ്സ്		250748	4932	255680	47659	208021
മറ്റ് അവാർഡുകൾ		200000	0	200000	0	200000

1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ കൊടുക്കുന്നു.

അംഗീകാരം	പദ്ധതി അടങ്കൽ	നടപ്പാക്കിയത്	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത്	നടപ്പാക്കാത്തവ	പൂർത്തീകരിച്ച പ്രോജക്ടുകളുടെ %

ലഭിച്ചത് (എണ്ണം)	₹	(എണ്ണം)	₹	(എണ്ണം)	(എണ്ണം)	
242	175930646	156	68000643	66	86	37

ഓഡിറ്റ് വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരം താഴെ കൊടുക്കുന്നു.

ക്രമ നമ്പർ	നിർവ്വഹണ ഉദ്യോഗസ്ഥർ	പ്രോജക്ടുകളുടെ എണ്ണം		ആകെ അടങ്കൽ	ചെലവഴിച്ച തുക	ചെലവ് %
		ഏറ്റെടുത്തത്	നടപ്പിലാക്കിയത്			
1	സെക്രട്ടറി	47	33	12114920	7596102	62.7
2	അസിസ്റ്റന്റ് സെക്രട്ടറി	7	4	3556068	1749483	49.2
3	അസിസ്റ്റന്റ്എഞ്ചിനീയർ	108	48	56335226	16088054	28.56
4	കൃഷി ഓഫീസർ	9	9	12867707	10327466	80.26
5	വി.ഇ.ഒ. മയ്യിൽ	12	11	5609510	2832302	50.49
6	വി.ഇ.ഒ. കയരളം	8	6	66361473	14049369	21.17
7	മെഡിക്കൽ ഓഫീസർ CHC	7	6	1837760	1222149	66.5
8	മെഡിക്കൽ ഓഫീസർ GAD	4	4	1115000	1096468	98.34
9	വെറ്റിനറി സർജൻ	9	9	3408800	2177302	63.87
10	ICDS സൂപ്പർവൈസർ	15	12	9590630	8106866	84.53
11	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	1	1	600000	600000	100
12	സബ് ഇൻസ്പെക്ടർ ഫിഷറീസ്	3	3	221552	110574	49.91
13	ഹെഡ് മാസ്റ്റർ	12	10	2312000	2044508	88.43
	ആകെ	242	156	175930646	68000643	38.65

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണചെലവുകൾ	5066	1251387	12564453	1240255	16198
ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത്	ഇല്ല	37698480	37698480	37698480	ഇല്ല
ആകെ	5066	38949867	38954933	38938735	16198

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ഗുണഭോക്താക്കളുടെ എണ്ണം	ചെലവഴിച്ച തുക ₹
കർഷകതൊഴിലാളി പെൻഷൻ	572	8146200
വിധവാ പെൻഷൻ	1234	16718400
വാർദ്ധക്യകാല പെൻഷൻ	2448	29663000
വികലാംഗ പെൻഷൻ	440	5743800
അവിവാഹിത പെൻഷൻ	101	1325700
വിവാഹ ധനസഹായം	8	240000

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03-08-2023 ന് 2.40pm സമയത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹33,195 യുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഫീസ് ഉത്തരവുകളിലൂടെ ഗ്രാമപഞ്ചായത്തിലെ വിവിധ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജീവനക്കാർ സ്ഥലം മാറിപ്പോവുന്ന സന്ദർഭങ്ങളിൽ ഓഫീസ് ഓർഡർ പ്രകാരം ചുമതലാകൈമാറ്റം നടത്തുന്നുണ്ട്. നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഓഡിറ്റ് വർഷം ILGMS സോഫ്റ്റ് വെയർ വഴിയാണ് സാമ്പത്തിക വിനിമയങ്ങൾ നടത്തിയിട്ടുള്ളത്. പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. ചെലവ് വൗച്ചറുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. രസീത് ബുക്കുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നുണ്ട്. സ്ഥാപനത്തിന് ISO സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുണ്ട്. നികുതി നികുതിയേതര വരുമാനങ്ങൾ പരമാവധി പിരിച്ചെടുക്കുന്നതിൽ കാര്യക്ഷമത പുലർത്തിയിട്ടുണ്ട്. പ്രധാന വരുമാനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകൾ, അപേക്ഷകൾ, പത്രികകൾ തുടങ്ങിയ രേഖകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. ഫ്രണ്ട് ഓഫീസ് മുഖേന പൊതുജനങ്ങൾക്ക് സേവനം നൽകുന്നുണ്ട്. പദ്ധതികളുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും, വിവിധ സ്റ്റോക്ക് രജിസ്റ്ററുകൾ, മിനിട്സ്, തനതു ഫണ്ട്/ ബി- ഫണ്ട് വൗച്ചറുകൾ, രസീത് തുടങ്ങിയ രേഖകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്.

1-10 ഗ്രാമസഭ

ഗ്രാമപഞ്ചായത്തിലെ 18 വാർഡുകളിലും 5/2022, 8/2022, 9/2022, 12/2022 എന്നീ മാസങ്ങളിലായി ഗ്രാമസഭകൾ സമ്മേളിച്ചിട്ടുണ്ട്. എല്ലാ ഗ്രാമസഭകളിലും നിശ്ചിത ക്വാറം തികയുന്നുണ്ട്. പദ്ധതി രൂപീകരണം, ആസൂത്രണം, ലൈഫ് വിവിധ പദ്ധതികൾക്കായുള്ള ഗുണഭോക്തൃ പട്ടിക അംഗീകരിക്കൽ, അഡീഷണൽ ഗുണഭോക്തൃ പട്ടിക അംഗീകരിക്കൽ, ലഹരി വിരുദ്ധ ബോധവൽക്കരണം, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ലേബർബജറ്റ്, ആക്ഷൻ പ്ലാൻ അംഗീകരിക്കൽ, എന്നീ വിഷയങ്ങൾ പ്രധാന അജണ്ടകളായി ചർച്ച ചെയ്യുകയും പ്രസ്തുത വിഷയങ്ങളിൽ ഗ്രാമസഭ തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്.

1-11 ഉപയോഗിക്കാത്ത റെസീപ്റ്റ് ബുക്കിലെ എല്ലാ പേജുകളും കൃഷി ഓഫീസർ ക്യാൻസൽ ചെയ്തു.

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ 2022-23 വർഷത്തെ പ്രൊജക്ടുകളുടെ ഗുണഭോക്തൃ വിഹിതം പിരിക്കുന്നതിനായി 10-10-2022 ന് 2200, 2201, 2202 എന്നീ നമ്പറുകൾ പ്രകാരമുള്ള മൂന്നു റസീപ്റ്റ് ബുക്കുകൾ

നൽകിയിരുന്നു. ആയതിൽ 2200, 2201 എന്നീ റസീപ്റ്റ് ബുക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. പരിശോധനയ്ക്ക് ലഭ്യമാക്കിയ 2202 നമ്പർ റസീപ്റ്റ് ബുക്കിലെ റസീപ്റ്റുകളൊന്നും ഉപയോഗിച്ചിട്ടില്ല. എന്നാൽ റസീപ്റ്റ് ബുക്കിലെ മുഴുവൻ റസീപ്റ്റുകളും ക്യാൻസൽ ചെയ്തിട്ടാണുള്ളത്. ഉപയോഗിക്കാത്ത റസീപ്റ്റ് ബുക്കുകൾ ഗ്രാമപഞ്ചായത്തിന്റെ സ്റ്റോക്കിൽ തിരിച്ചേൽപിക്കേണ്ടതിനു പകരം മുഴുവനായും ക്യാൻസൽ ചെയ്തത് ക്രമപ്രകാരമല്ല. കൃഷി ഓഫീസർക്ക് നൽകിയ മേൽപ്പറഞ്ഞ റസീപ്റ്റ് ബുക്കുകൾ ഗ്രാമപഞ്ചായത്ത് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും റസീപ്റ്റ് ബുക്കുകളുടെ ഉപയോഗം കൃത്യതയോടെയാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-12 വസ്തു നികുതി - ഉയർന്നതരം തറനിർമ്മിതിക്കു ബാധകമായ 15% നികുതി വർദ്ധനവ് ഡിമാൻഡ് ചെയ്യുന്നില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ് എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. അതായത് 100/200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ചതിൽ 100/200 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക്/ ബാധകമായ നിരക്കിൽ നികുതി നിശ്ചയിക്കേണ്ടതാണ്. 2011 ലെ കേരള പഞ്ചായത്ത് രാജ് നിയമം (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പട്ടിക 6 അനുസരിച്ച് വിലയേറിയ സാധനങ്ങൾ കൊണ്ട് നിർമ്മിച്ച തറനിർമ്മിതിയുള്ളതും 250 ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ളതുമായ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ 15 ശതമാനം വർദ്ധനവ് വരുത്തേണ്ടതായിട്ടുണ്ട്. 2022-23 വർഷം നികുതി നിർണ്ണയം നടത്തിയ താഴെക്കൊടുത്തിരിക്കുന്ന കെട്ടിടങ്ങളുടെ തറനിർമ്മിതി, 250 ച. മീറ്ററിന് മുകളിലുള്ള മേൽത്തരം തടി, ഇറ്റാലിയൻ മാർബിൾ, ഗ്രാനൈറ്റ് എന്നിവകൊണ്ടുള്ളതാണ് എന്നാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. മേൽത്തരം തറനിർമ്മിതിയുള്ള 250 ച.മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തു നികുതിയുടെ 15% വർദ്ധനവ് കൂടി ഈടാക്കേണ്ടതുണ്ട്. എന്നാൽ താഴെക്കൊടുത്തിരിക്കുന്ന കെട്ടിടങ്ങൾക്ക് അത്തരം വർദ്ധനവ് നൽകിയിട്ടില്ല.

1. അസസ്മെന്റ് നം : 13170-13183

കെട്ടിട ഉടമയുടെ പേര്		പണ്ണേരി രാജൻ
വാർഡ്/കെട്ടിട നമ്പർ	തറ വിസ്തീർണ്ണം (ച.മീ.)	ഈടാക്കുന്ന വസ്തുനികുതി {(BT+20%വർദ്ധനവ്-10%ഇളവ്)+5%LC+2%SC}
12/128C	28.58(GF)	2475
12/128D	28.58(GF)	2475
12/128E	31.49(GF)	2726
12/128F	31.5(GF)	2727
12/128G	31.5(GF)	2727
12/128H	31.5(GF)	2727
12/128I	31.5(GF)	2727
12/128J	29.11(FF)	2394
12/128K	29.11(FF)	2394
12/128L	42.13(FF)	3465

12/128M	32.09(FF)	2640
12/128N	32.09(FF)	2640
12/128O	32.09(FF)	2640
12/128P	32.09(FF)	2640
ആകെ	443.36	37397

2.അസസ്മെന്റ് നം : 13268-13274

കെട്ടിട ഉടമയുടെ പേര്		ചുണ്ടുന്നുമ്മൽ റഹിയാനത്ത്
വാർഡ്/കെട്ടിട നമ്പർ	തറ വിസ്തീർണ്ണം (ച.മീ.)	ഈടാക്കുന്ന വസ്തുനികുതി {(BT+20% വർദ്ധനവ്)+5%LC+2%SC}
9/226B	95.28(GF)	8995
9/226C	29.36(GF)	2773
9/226D	32.39(FF)	2906
9/226E	29.52(FF)	2648
9/226F	27.3(FF)	2450
9/226G	30.47(FF)	2734
9/226H	15.64(FF)	1405
ആകെ	259.96	23911

3. അസസ്മെന്റ് നം : 13279-13286

കെട്ടിട ഉടമയുടെ പേര്		ഊരട കിഴക്കേവീട്ടിൽ ശ്രീലേഷ്
വാർഡ് /കെട്ടിട നമ്പർ	തറ വിസ്തീർണ്ണം (ച.മീ.)	ഈടാക്കുന്ന വസ്തുനികുതി {(BT+20% വർദ്ധനവ്)+5%LC+2%SC}
6/90B	40.13(GF)	3788
6/90C	30.1(GF)	2843
6/90D	30.1(GF)	2843
6/90E	46.03(GF)	4347
6/90F	21.67(GF)	2048
6/90G	30.1(GF)	2843
6/90H	30.1(GF)	2843
6/90I	30.1(GF)	2843
ആകെ	258.33	24398

4. അസസ്മെന്റ് നം : 13217-13223

കെട്ടിട ഉടമയുടെ പേര്		അബ്ദുൾ റാസിക്ക് മമ്മു, മുനീർ. എം.പി, അബ്ദുള്ള
വാർഡ്/കെട്ടിട നമ്പർ	തറ വിസ്തീർണ്ണം (ച.മീ.)	ഈടാക്കുന്ന വസ്തുനികുതി {(BT+20% വർദ്ധനവ്)+5%LC+2%SC}
16/1B	27.75(GF)	2620

16/1B1	27.75(GF)	2620
16/1B2	27.75(GF)	2620
16/1C	83.16(FF)	7850
16/1H	188.91(SF)	16048
ആകെ	355.32	31758

മേൽ അപാകത സംബന്ധിച്ച് 16/09-08-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തറനിർമ്മിതിയുടെ തരത്തിന് ആനുപാതികമായ വർദ്ധനവ് വരുത്തി അധിക നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കേണ്ടതാണ്.

1-13 തൊഴിൽ നികുതി ഈടാക്കുന്നില്ല.

മയ്യിൽ ഗ്രാപഞ്ചായത്ത് പരിധിയിൽ ജോലിചെയ്യുന്ന അഭിഭാഷകർ, മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, പഞ്ചായത്ത് പരിധിയിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എൻജിനീയർമാർ എന്നിവരിൽ നിന്ന് നിലവിൽ തൊഴിൽ നികുതി ഈടാക്കി വരുന്നില്ല. ഇത് സംബന്ധിച്ച് 3/04-08-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മേൽപ്പറഞ്ഞവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടിയാണ് നൽകിയത്. 1996 ലെ കേരളാ പഞ്ചായത്ത് രാജ് തൊഴിൽനികുതി ചട്ടങ്ങൾ പ്രകാരം തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും അവരുടെ അർദ്ധവാർഷിക വരുമാനത്തിന് ആനുപാതികമായി തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കേണ്ടതാണ്.

1-14 മൂലധന നിക്ഷേപം കണക്കാക്കിയതിൽ കൃത്യതയില്ല - FTE & OS ലൈസൻസ് ഫീസ് ഈടാക്കിയതിൽ ₹4500 യുടെ കുറവ്

31-10-2017 ന് പ്രാബല്യത്തിൽ വന്ന കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ, 2017 ലെ ചട്ടം 7 പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നത് സംരംഭത്തിന്റെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് നിർണ്ണയിച്ചതുമായി ബന്ധപ്പെട്ടുള്ള ലൈസൻസ് അപേക്ഷകളിലും അന്വേഷണ റിപ്പോർട്ടിലുമുള്ള അപാകങ്ങൾ താഴെക്കൊടുക്കുന്നു.

1. PCB സർട്ടിഫിക്കറ്റിലേതിനേക്കാൾ കുറഞ്ഞ തുക മൂലധനനിക്ഷേപം രേഖപ്പെടുത്തി ലൈസൻസ് ഫീസ് ഈടാക്കുന്നു.

സംരംഭങ്ങളെ അവയുടെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, സ്മോൾ, മീഡിയം, ലാർജ്ജ് എന്റർപ്രൈസസുകളായി തരം തിരിച്ച് ഓരോന്നിനും ബാധകമായ (പട്ടിക 2 ൽ പ്രതിപാദിച്ച പ്രകാരമുള്ള) ലൈസൻസ് ഫീസാണ് ഈടാക്കേണ്ടത്. FTE & OS ലൈസൻസിനായുള്ള വിവിധ അപേക്ഷകളോടൊപ്പം ഹാജരാക്കിയ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയ മൂലധനനിക്ഷേപവും അന്വേഷണ റിപ്പോർട്ടിലെ മൂലധനനിക്ഷേപവും പരിശോധിച്ചപ്പോൾ താരതമ്യേന കുറഞ്ഞ തുകയാണ് അന്വേഷണ റിപ്പോർട്ടിൽ മൂലധനനിക്ഷേപമായി രേഖപ്പെടുത്തിയിരിക്കുന്നത് എന്നു കണ്ടു. ആയതിനാൽ ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്. ഒരു ഉദാഹരണം ചുവടെ ചേർക്കുന്നു.

രജിസ്റ്ററിലെ ക്രമ നമ്പർ	ലൈസൻസിയുടെ പേര്/സംരംഭം /മേഖല	അന്വേഷണ റിപ്പോർട്ട് പ്രകാരമുള്ള മൂലധന നിക്ഷേപം ₹	ഈടാക്കിയ ലൈസൻസ് ഫീസ് ₹	PCB സർട്ടിഫിക്കറ്റിലെ മൂലധന നിക്ഷേപം	ഈടാക്കേണ്ടിയിരുന്ന ലൈസൻസ് ഫീസ് ₹	കുറവ്
65	രാജൻ ടി. വസ്ത്രം വാഷിംഗ്/ സേവന മേഖല	5 ലക്ഷം	500 121090107651 /11.2.22	41.1 ലക്ഷം	5000	4500

41.1 ലക്ഷം മൂലധനനിക്ഷേപം ഉണ്ടെന്ന് സ്ഥാപന ഉടമ അപേക്ഷയിൽ പറഞ്ഞ സ്ഥാപനം പരിശോധന

നടത്തിയപ്പോൾ ആയത് 5 ലക്ഷമായി കുറഞ്ഞത് എങ്ങിനെയെന്ന് വിശദീകരിക്കേണ്ടതാണ്. ഇപ്രകാരം പല അപേക്ഷകളിലും പരിശോധനയിൽ വൻ വ്യത്യാസം വന്നുകാണുന്നുണ്ട്. ആയത് പരിശോധിച്ച് അപാകങ്ങൾ പരിഹരിക്കേണ്ടതും ഫീസ് ഇനത്തിൽ കുറവ് വന്നിട്ടുണ്ടെങ്കിൽ ആയത് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2. ഉയർന്ന മൂലധന നിക്ഷേപം ആവശ്യമുള്ള സംരംഭങ്ങൾക്ക് ചെറിയ തുക ലൈസൻസ് ഫീസ് ആയി ഈടാക്കുന്നു.

ഉയർന്ന മൂലധനനിക്ഷേപം ആവശ്യമായി വരുന്ന നിരവധി സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്. പത്തോളം ജ്വല്ലറികൾ, വിവിധ നിർമ്മാണ യൂണിറ്റുകൾ, പെട്രോൾ പമ്പ്, ഹൈപ്പർ മാർക്കറ്റ്, സൂപ്പർമാർക്കറ്റ്, ക്രഷർ എന്നീ സംരംഭങ്ങളുടെ മൂലധന നിക്ഷേപമായി കുറഞ്ഞ തുകയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

സംരംഭം/ലൈസൻസി	മൂലധനനിക്ഷേപം	ലൈസൻസ് ഫീസ്
ജ്വല്ലറി/ദത്താത്രേയ പി.	3 ലക്ഷം	300
ജ്വല്ലറി/പ്രകാശൻ പി.സി.	5 ലക്ഷം	500
ജ്വല്ലറി/വലിയപുരയിൽ ആനന്ദൻ	3 ലക്ഷം	300

മൂലധനനിക്ഷേപം കണക്കാക്കുന്നതിന് ആധികാരികമാക്കുന്ന രേഖകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുന്നതിന് 25/10-08-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മൂലധനനിക്ഷേപം കണക്കാക്കുമ്പോൾ അവ്യക്തതയുള്ള സംരംഭങ്ങളുടെ കാര്യത്തിൽ ആയത് വ്യക്തമാക്കാൻ രേഖകൾ ആവശ്യപ്പെടാവുന്നതാണ്. ഉയർന്ന മൂലധനനിക്ഷേപം ആവശ്യമുള്ള സംരംഭങ്ങളുടെ കാര്യത്തിൽ ബാങ്ക് ഡീറ്റെയിൽസ് ഉൾപ്പെടെയുള്ള രേഖകൾ പരിശോധിച്ച് മൂലധനനിക്ഷേപം കണക്കാക്കി ലൈസൻസ് ഫീസിന്റെ കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.

1-15 ഇ-ടെണ്ടർ ഫീ - ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ലഭിച്ചില്ല

ഇ-ടെണ്ടർ ഫീ, ഇ.എം.ഡി എന്നിവ ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിന് 28-9-2013 ലെ ജി.ഒ (എം.എസ്) 318/2013/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് ഗ്രാമ പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ പ്രസ്തുത അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ ഒടുക്കിയിട്ടുള്ളതും മയ്യിൽ ഗ്രാമ പഞ്ചായത്തിന് 2022-23 വർഷം വരെ കണ്ണൂർ ജില്ലാ പഞ്ചായത്തിൽ നിന്നും ടെണ്ടർ ഫീയിനത്തിൽ ലഭിക്കാൻ ബാക്കിയുള്ളതുമായ ₹589362 യുടെ വർഷം തിരിച്ചുള്ള വിവരം താഴെ കൊടുക്കുന്നു.

ക്രമ നമ്പർ	വർഷം	തുക ₹
1	2015-16	57855
2	2018-19	118969
3	2019-20	194714
4	2020-21	79340
5	2021-22	138484
	ആകെ	589362

₹589362 കണ്ണൂർ ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-16 കന്നുകുട്ടി പരിപാലന പദ്ധതി - പദ്ധതി വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ	വെറ്റിനറി സർജ്ജൻ
പ്രൊജക്ട് നമ്പർ/പേര്	187/23 കന്നുകുട്ടി പരിപാലനം
അടങ്കൽ	₹372995 വികസനഫണ്ട് ₹564505 തനത് ഫണ്ട് ₹937500 ഗുണഭോക്തൃ വിഹിതം

	ആകെ : ₹1875000
ചെലവ്	₹372995 ബിൽ നമ്പർ : 426/16-3-23 (വികസനഫണ്ട്) ₹564505 ചെക്ക് നമ്പർ : 5035895/22-2-23(തനത് ഫണ്ട്) ആകെ : ₹937500

മയ്യിൽ ഗ്രാമപഞ്ചായത്തിൽ 2022-23 വർഷത്തിൽ നടപ്പിലാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം 75 കന്നുകുട്ടികൾക്ക് കാലിത്തീറ്റ വിതരണത്തിനായി ₹937500 (75x12500) എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് ട്രഷറി അക്കൌണ്ടിലേക്ക് (719011400000003) മുൻകൂറായി നൽകിയിട്ടുണ്ട്. സംസ്ഥാന സർക്കാർ വിഹിതം ലഭിക്കാത്തതിനാൽ ഗ്രാമപഞ്ചായത്ത് വിഹിതത്തിനൊപ്പം (25%) സംസ്ഥാന സർക്കാർ വിഹിതത്തിന് ആനുപാതികമായ തുകയും (25%) ഗ്രാമപഞ്ചായത്ത് തന്നെയാണ് പ്രോജക്ടിൽ വകയിരുത്തിയിട്ടുള്ളത്. കന്നുകുട്ടി ജനന രജിസ്റ്റർ പ്രകാരം തെരഞ്ഞെടുത്ത 75 കന്നുകുട്ടികൾക്ക് കാലിത്തീറ്റ വിതരണത്തിനായി മയ്യിൽ ക്ഷീരവ്യവസായ സഹകരണ സംഘത്തെയാണ് പഞ്ചായത്ത് ഭരണസമിതി തെരഞ്ഞെടുത്തത് (തീരുമാനം നമ്പർ 7/52/23(2)തി:20.3.23). മയ്യിൽ ക്ഷീരവ്യവസായ സഹകരണ സംഘത്തിന്റെ കാലിത്തീറ്റ വിതരണ രജിസ്റ്റർ പരിശോധിച്ചപ്പോൾ 25-07-2023 ന് മാത്രമാണ് കാലിത്തീറ്റ വിതരണം ആരംഭിച്ചിരിക്കുന്നത്. മേൽ പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

1-17 സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം - പദ്ധതി പൂർത്തീകരിച്ചിട്ടില്ല ₹202131 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ	വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, മയ്യിൽ
പ്രോജക്ട് നമ്പർ / പേര്	125/23 സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം-അടിസ്ഥാന സൗകര്യമൊരുക്കൽ
അടങ്കൽ	₹204900 ധനകാര്യ കമ്മീഷൻ അവാർഡ്
ചെലവ്	₹202131 ബിൽ നമ്പർ / തീയതി : 373/23-2-2023

ഹരിത കേരളം മിഷന് വേണ്ടി കെൽട്രോൺ വികസിപ്പിച്ചിട്ടുള്ള സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം സോഫ്റ്റ് വെയർ മുഖേന മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് സ്മാർട്ട് ഗാർബേജ് മൊബൈൽ ആപ്പ് പ്രവർത്തനങ്ങൾക്കായി ലാപ്പ് ടോപ്പ്, QR കോഡ് എന്നിവ വാങ്ങുന്നതിനു 6 മാസത്തേക്ക് സർവീസ് ചാർജ്ജ്, SMS തുക എന്നിവ കെൽട്രോണിന് അനുവദിക്കുന്നതാണ് പദ്ധതി. ഈ പദ്ധതി പ്രകാരം കെൽട്രോണിന് അനുവദിച്ച തുകയുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

കെൽട്രോണിന് സർവ്വീസ് ചാർജ്	QR കോഡ് തുക + ലാപ് ടോപ്പ്	SMS തുക	ആകെ
₹135700	₹59231	₹7200	₹202131

ആയത് പ്രകാരം മയ്യിൽ ഗ്രാമപഞ്ചായത്ത് 2022-23 വാർഷിക പദ്ധതിയിലുൾപ്പെടുത്തി ₹202131 കെൽട്രോണിന്റെ പഞ്ചാബ് നാഷണൽ ബാങ്കിൽ (A/c No.33010021000) ക്രഡിറ്റ് ചെയ്യുകയും സ്ഥാപനവുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയുടെ നിലവിലെ സ്ഥിതിവിവരം ലഭ്യമാക്കുന്നതിന് 15/08-08-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം പദ്ധതി പ്രകാരം 100% വീടുകളിലും ഓക്സിലറി ഹരിത കർമ്മസേനാംഗങ്ങൾ QR കോഡ് പതിപ്പിച്ചു കഴിഞ്ഞുവെന്നും ഹരിത കർമ്മ സേനയുടെ പ്രവർത്തനം 2023 ആഗസ്റ്റ് മുതൽ പൂർണ്ണമായും വീടുകളിലും സ്ഥാപനങ്ങളിലും ഡിജിറ്റലൈസ് ചെയ്യുമെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയത്. നാളിതുവരെ മേൽ പദ്ധതി പൂർത്തീകരിക്കാത്തതിനാൽ ₹202131 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പദ്ധതിയുടെ പൂർണ രൂപത്തിലുള്ള നടത്തിപ്പ് സംബന്ധിച്ച മോണിറ്ററിങ് റിപ്പോർട്ട് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-18 ഇൻഫോർമേഷൻ കേരള മിഷന് വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല - ₹81800 തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രൊജക്ട് നമ്പർ/പേര്	78/23 ഇൻഫോർമേഷൻ കേരള മിഷന് വിഹിതം നൽകൽ
അടങ്കൽ	₹81800 വികസനഫണ്ട്
ചെലവ്	₹81800 ബിൽ നമ്പർ : 22190852005500377026/02-08-2022

ഐ കെ എം വികസിപ്പിച്ച സോഫ്റ്റ് വെയർ സംവിധാനങ്ങളുടെ ഫലപ്രദമായ വിന്യാസത്തിനും മെയിന്റനൻസിനുമായി സർക്കാർ അനുവദിച്ച വികസനഫണ്ടിന്റെ 0.25% പ്രതിവർഷം ഐ കെ എം ന് അടച്ച് നൽകേണ്ടതുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഐ കെ എം എക്സിക്യൂട്ടീവ് ഡയരക്ടറുടെ അക്കൗണ്ടിലേക്ക് (799010100348424) 2022-23 വർഷത്തേക്കുള്ള തുക ₹81800 ക്രെഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. അതിനാൽ ₹ 81800 തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-19 അങ്കണവാടി പോഷകാഹാരം- 2% ജി എസ് ടി ടി.ഡി.എസ് ഈടാക്കിയിട്ടില്ല.

ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51, 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സർക്കാർ ഉത്തരവ് (പി)162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08.03.19 ലെ നം.ഡി.എ 1/87/2019 ത.സ്വ.ഭ.വ സർക്കുലർ പ്രകാരം നിർവ്വഹണം നടത്തുന്ന പ്രോജക്ടുകൾക്കുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ് ഈടാക്കി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ GSTIN ലേക്ക് തുക ഒടുക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുമുണ്ട്. എന്നാൽ അനുഗ്രഹ ന്യൂട്രിമിക്സ് യൂണിറ്റ്, തെരൂർ എന്ന സ്ഥാപനത്തിൽ നിന്നും ഐ സി ഡി എസ് സൂപ്പർവൈസർ അനുപൂരക പോഷകാഹാര പരിപാടിയുടെ ഭാഗമായി (പ്രോജക്ട് നമ്പർ 12/23) നടത്തിയിട്ടുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ്. ഈടാക്കിയിട്ടില്ല. ഇൻവോയ്സുകൾക്ക് പണം നൽകിയ വേളയിൽ 2% ജി എസ് ടി ടി.ഡി.എസ് ഈടാക്കി തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 8-3-2019 ലെ സർക്കുലർ നം. ഡി.എ 1/87/2019 ത.സ്വ.ഭ.വ പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ GSTIN ലേക്ക് ഒടുക്കാതെ, തുക പൂർണ്ണമായും സപ്ലൈയർക്ക് അനുവദിച്ചത് ക്രമപ്രകാരമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ന്യൂട്രിമിക്സ് യൂണിറ്റിന്റെ ബിൽ നമ്പർ / തീയ്യതി	ന്യൂട്രിമിക്സ് യൂണിറ്റിന് നൽകിയ തുക ₹	ബിൽ നമ്പർ /ചെക്ക് നം/ തീയ്യതി
1	1/1-4-2022	164463	16/27-5-2022
2	3/1-5-2022	137921	16/27-5-2022
3	10/15-7-2022	173891	74/11-8-2022
4	15/15-7-2022	5880	74/11-8-2202
5	14/1-8-2022	142433	74/11-8-2022
6	16/1-9-2022	134652	107/31-8-2022
7	21/1-10-2022	127962	172/31-8-2022
8	25/1-10-2022	11409	172/31-8-2022
9	26/1-11-2022	152455	172/31-8-2022
10	31/1-12-2022	166173	1675094/4-1-2023
11	34/2-1-2023	169196	251/24-12-2022
12	40/1-2-2023	164400	2483633/15-3-2023
13	43/1-3-2023	161266	5053900/10-3-2023

2% ടി.ഡി.എസ് കിഴിവ് ചെയ്യാത്തതു സംബന്ധിച്ച് 20/10-08-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഐ.സി.ഡി.എസ് സൂപ്പർവൈസർക്ക് GST രജിസ്ട്രേഷൻ ഇല്ലാത്തതും TDS ഈടാക്കേണ്ടതിനെക്കുറിച്ചുള്ള ധാരണക്കുറവും മൂലമാണ് ആയത് ഈടാക്കാതിരുന്നത് എന്ന മറുപടിയാണ് നൽകിയത്. മറുപടിയോടൊപ്പം 2023 മാർച്ച് മാസത്തിൽ അനുഗ്രഹ ന്യൂട്രിമിക്സ് യൂണിറ്റ്, തെരൂർ GST ഇനത്തിൽ ഒടുക്കിയ തുകയുടെ ബില്ലും പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടുണ്ട്. GST TDS തുക കിഴിവ് ചെയ്ത് മാത്രമേ ബില്ലുകൾ നൽകുന്നുള്ളു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

1-20 സാന്ത്വന പരിചരണം - മരുന്നുകൾ ലഭ്യമായിട്ടില്ല - ₹3854 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, സിഎച്ച്സി മയ്യിൽ

പ്രോജക്ട് നമ്പർ / പേര്	27/23 സാന്ത്വന പരിചരണം
അടങ്കൽ	₹604260 വികസന ഫണ്ട് ₹106900 തനത് ഫണ്ട് ₹200000 ജില്ലാ പഞ്ചായത്ത് ഫണ്ട് ആകെ : ₹911160
ചെലവ്	₹492964 വികസന ഫണ്ട് ₹32073 തനത് ഫണ്ട് ₹200000 ജില്ലാ പഞ്ചായത്ത് ഫണ്ട് ആകെ : ₹725037

മെഡിക്കൽ ഓഫീസർ CHC നിർവഹണം നടത്തിയ സാന്ത്വന പരിചരണം എന്ന മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് ആകെ ചെലവഴിച്ച ₹725037 യിൽ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച ₹32073 യിൽ നിന്നും മരുന്നുകൾ വാങ്ങുന്നതിനായി വൗച്ചർ നമ്പർ 22201150/30-3-2023 പ്രകാരം ₹19513 കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിന് നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ ലഭിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 6/7-8-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ₹15659 യുടെ മരുന്ന് ലഭ്യമായതിന്റെ വിവരം നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയിട്ടുണ്ട്. ₹3854 (19513-15659) യുടെ മരുന്ന് ഇതുവരെയും ലഭ്യമായിട്ടില്ല. ആയതിനാൽ ₹3854 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സ്റ്റോക്ക് രജിസ്റ്ററും അനുബന്ധ രേഖകളും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-21 ഹോമിയോ ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ - മരുന്ന് ലഭ്യമായില്ല ₹150000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ അയുർവേദം
പ്രൊജക്ട് നമ്പർ / പേര്	18/23 ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ
അടങ്കൽ	₹150000 മെയിന്റനൻസ് ഫണ്ട് റോഡിതരം
ചെലവ്	₹150000 ബിൽ നമ്പർ : 22190852006301295560/08-03-2023

മേൽ പ്രൊജക്ട് പ്രകാരം ഹോമിയോ ആശുപത്രിയിലേക്ക് മരുന്നു വാങ്ങുന്നതിനായി പ്രഫോർമ ഇൻവോയ്സ് നമ്പർ PF1318/08-03-2023 പ്രകാരം ഹോംകോയുടെ മാനേജിങ്ങ് ഡയറക്ടറുടെ പേരിലുള്ള അക്കൗണ്ടിലേക്ക് (എസ്.ബി.ഐ-34306403911) ₹150000നൽകിയിട്ടുണ്ട്. എന്നാൽ മരുന്ന് ലഭിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് 7/07-08-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല എന്ന മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയത്. മരുന്നുകൾ ലഭ്യമാകാത്തതിനാൽ ₹150000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭിച്ചതിന്റെ വിശദ വിവരവും സ്റ്റോക്ക് രജിസ്റ്ററും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-22 ബാല സൗഹൃദ ഗ്രാമം - പ്രോജക്ടിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ നിറവേറ്റിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ
പ്രോജക്ട് നമ്പർ / പേര്	34/23 ബാല സൗഹൃദ ഗ്രാമം
അടങ്കൽ	₹2,00,000 വികസന ഫണ്ട് പൊതുവിഭാഗം (സ്പിൽ ഓവർ)
ചെലവ്	₹1,99,742 ബിൽ നമ്പർ : 22190852006501574494/31-3-2023

ബാല സൗഹൃദ ഗ്രാമം (Kids Skill Development Park Construction) എന്ന മേൽ പ്രോജക്ട് പ്രകാരം ₹1,99,742 ചെലവഴിച്ച് മയ്യിൽ ഗ്രാമ പഞ്ചായത്തിലെ 18 -ം വാർഡിലെ നണിച്ചേരി കടവ് പാലത്തിന് സമീപത്തായി പുഴയുടെ പാർശ്വഭിത്തി സംരക്ഷണവും കോൺക്രീറ്റ് ബെഞ്ചുകൾ നിർമ്മിക്കലും ഉൾപ്പെടെയുള്ള ഒരു പാർക്ക് നിർമ്മിച്ചിട്ടുണ്ട്. ഏക വർഷ പ്രോജക്ടായി നടപ്പിലാക്കിയ ഈ പ്രോജക്ടിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളൊന്നും പ്രോജക്ട് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടില്ല. Kids Skill Development എന്നതുകൊണ്ട് ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളൊന്നും പ്രോജക്ടിൽ

ഉൾപ്പെടുത്തുകയോ നടപ്പിലാക്കുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് 18/09-08-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ബാല സൌഹൃദ ഗ്രാമം എന്ന മേൽ പ്രോജക്ടിന്റെ മുന്നൊരുക്കമെന്ന നിലയിലാണ് ഇപ്പോഴത്തെ നിർമ്മാണ പ്രവൃത്തികൾ ചെയ്തിട്ടുള്ളതെന്നും ഘട്ടം ഘട്ടമായി പാർക്കിൽ നടപ്പാത, കൈവരികൾ എന്നിവ നിർമ്മിക്കുന്നതാണെന്നും കുട്ടികളുടെ കായിക മാനസിക ഉല്ലാസങ്ങൾ വർദ്ധിപ്പിക്കാനുള്ള തുടർ പ്രവർത്തനങ്ങൾ ഏർപ്പെടുത്തുന്നതാണെന്നുമാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയത്. ബാല സൌഹൃദ ഗ്രാമം എന്ന പ്രോജക്ടിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ നിറവേറ്റുന്ന തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-23 എയ്ഡഡ് സ്കൂളിൽ ടോയിലറ്റ് നിർമ്മാണം – പെരുമാച്ചേരി AUP സ്കൂളിലെ ടോയിലറ്റ് ഉപയോഗിക്കപ്പെടുന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ
പ്രോജക്ട് നമ്പർ / പേര്	40/23 എയ്ഡഡ് സ്കൂളിൽ ടോയിലറ്റ് നിർമ്മാണം
അടങ്കൽ	₹4,30,000 സംസ്ഥാനാവിഷ്കൃത ഫണ്ട് (സാനിറ്റേഷൻ)
ചെലവ്	₹3,62,580 വൌച്ചർ നമ്പർ : 22200300/30-7-2022
കരാറുകാരൻ	സി. പി. ബാബു, 0.02% Below Estimate Rate
കരാർ	MGP/AE/08/2020-21/1-10-2020
അളവ് പുസ്തകം	8/2020-21
പ്രവൃത്തി ആരംഭിച്ച തീയ്യതി	1-10-2020
പ്രവൃത്തി പൂർത്തിയാക്കേണ്ട തീയ്യതി	31-3-2021
പ്രവൃത്തി പൂർത്തിയാക്കിയ തീയ്യതി	27-4-2022

എയ്ഡഡ് സ്കൂളിൽ ടോയിലറ്റ് നിർമ്മാണം എന്ന മേൽ പ്രവൃത്തി ₹4,30,000 യുടെ എസ്റ്റിമേറ്റോടുകൂടി 205/20-ാം നമ്പർ പ്രോജക്ടായി 2019-20 വർഷം നടപ്പിലാക്കുന്നതിന് തീരുമാനിച്ചിരുന്നതാണ്. പെരുമാച്ചേരി AUP സ്കൂളിലും കയരളം AUP സ്കൂളിലും ടോയിലറ്റ് നിർമ്മാണത്തിനാണ് എസ്റ്റിമേറ്റ് ഉണ്ടാക്കിയിട്ടുള്ളത്. എന്നാൽ പരിശോധനയ്ക്ക് ലഭ്യമാക്കിയ പ്രോജക്ടിൽ ഏതൊക്കെ എയ്ഡഡ് സ്കൂളിലാണ് ടോയിലറ്റ് നിർമ്മിക്കുന്നത് എന്നുള്ള വിവരം ചേർത്തിട്ടില്ല. 1-10-2020 ന് കരാറിലേർപ്പെട്ട ഈ പ്രോജക്ട് 26-5-2022 ലെ 173/2022(3) നമ്പർ ഭരണ സമിതി തീരുമാനപ്രകാരം പ്രവൃത്തിയുടെ നിർവ്വഹണ ഘട്ടത്തിൽ വന്ന വ്യതിയാനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് പദ്ധതികളുടെ എസ്റ്റിമേറ്റ് ഭരണാനുമതിയിൽ പരിമിതപ്പെടുത്തി ഭേദഗതി ചെയ്യാൻ തീരുമാനിച്ചിരുന്നു. കരാർ പ്രകാരം 31-3-2021 ന് പൂർത്തിയാക്കേണ്ട പ്രവൃത്തി 27-4-2022 ന് മാത്രമാണ് പൂർത്തിയാക്കിയിട്ടുള്ളത്. അതിന് ശേഷമാണ് പ്രവൃത്തിയിലെ വ്യതിയാനങ്ങൾക്ക് ഭരണ സമിതിയുടെ അംഗീകാരം ലഭിക്കുന്നത്. പ്രവൃത്തി യഥാസമയം പൂർത്തിയാക്കാത്തതിനാൽ കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല. മേൽപറഞ്ഞ എയ്ഡഡ് സ്കൂളുകളിലെ ടോയിലറ്റുകൾ സൈറ്റ് പരിശോധന നടത്തിയപ്പോൾ കയരളം AUP സ്കൂളിലെ ടോയിലറ്റ് നല്ലനിലയിൽ ഉപയോഗിച്ചു വരുന്നതായും പെരുമാച്ചേരി AUP സ്കൂളിലെ ടോയിലറ്റ് ഉപയോഗിക്കാതെ അടച്ചിട്ടനിലയിലുമാണ് കണ്ടത്. പെരുമാച്ചേരി AUP സ്കൂളിലെ ടോയിലറ്റ് വെള്ളം ലഭ്യമാകാത്ത സ്ഥിതിയിലും ടാപ്പ് പൊട്ടിയതിന് ശേഷം റിപ്പയർ ചെയ്യാത്ത നിലയിലുമാണുള്ളത്. ഇത് സംബന്ധിച്ച് 17/09-08-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പ്രവൃത്തിയുടെ നിർമ്മാണ ഘട്ടത്തിൽ തടസ്സം നേരിട്ടതിനാലാണ് പ്രവൃത്തി പൂർത്തീകരിക്കാൻ വൈകിയതെന്നും പൊട്ടിയ ടാപ്പ് ഇപ്പോൾ റിപ്പയർ ചെയ്തിട്ടുണ്ടെന്നും പ്രവൃത്തി പൂർത്തീകരിച്ച സമയത്ത് ടോയിലറ്റിൽ വെള്ളം ലഭ്യമായിരുന്നുവെന്നുമാണ് മറുപടി നല്കിയത്. പ്രവൃത്തിയുടെ പൂർത്തീകരണത്തിന് കൂടുതൽസമയം അനുവദിക്കണമെന്ന് കരാറുകാരൻ അപേക്ഷിക്കുകയോ ആയത് അംഗീകരിക്കുകയോ ചെയ്തിട്ടില്ല. എയ്ഡഡ് സ്കൂളുകളിൽ ടോയിലറ്റ് നിർമ്മിച്ചു നൽകുമ്പോൾ അതിന്റെ ആവശ്യകത ബോധ്യപ്പെട്ടതിന് ശേഷം മാത്രം ഇത്തരം പ്രോജക്ടുകൾ നടപ്പിലാക്കേണ്ടതും പ്രവൃത്തി യഥാസമയം പൂർത്തിയാക്കാത്തതിന് കരാറുകാരനിൽ നിന്നും പിഴ ഈടാക്കേണ്ടതുമാണ്. പദ്ധതിപ്പണം കൃത്യമായി വിനിയോഗിക്കാത്തതിനാൽ ചെലവുതുക ₹362580 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ നടപടികൾ സ്വീകരിച്ച്

ടോയ്‌ലറ്റ് പ്രവർത്തനക്ഷമമാക്കി വിശദവിവരം അറിയിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-24 ലൈഫ് ഭവന പദ്ധതി - പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

വി.ഇ.ഒ കയരളം നിർവ്വഹണ ഉദ്യോഗസ്ഥാനായി നടപ്പിലാക്കിയ ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട ഗുണഭോക്താക്കളുടെ രജിസ്റ്റർ പരിശോധനയിൽ ചുവടെ ചേർത്തിട്ടുള്ള ഗുണഭോക്താക്കൾക്ക് നിശ്ചിത ഗഡുക്കൾ അനുവദിച്ചതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ക്രമ നമ്പർ	പേര് / വിലാസം	അനുവദിച്ച തുക/ തീയതി	വിഹിതം
1	രാജേഷ്, വെള്ളക്കുടിയൻ ഹൗസ്, നണിയൂർനമ്പ്രം	₹40000/22.9.2021	സംസ്ഥാന വിഹിതം
2	ദിൽഷ. പി, ഷിംജി നിവാസ്, ബാലൻ കിണർ	₹40000/22.9.2021	സംസ്ഥാന വിഹിതം
3	സുരഭി. എ, ജുമാന ക്വാർട്ടേർസ് കാട്ടാമ്പള്ളി	തുക എത്രയെന്ന് രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്ററിൽ തുക തിരിച്ചടക്കണമെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്	സംസ്ഥാന വിഹിതം ₹40000 (തുക സെക്രട്ടറിയുടെ തനത് ഫണ്ട് അക്കൌണ്ടിൽ)
4	മീനാക്ഷി. കെ, കൊയിലേരിയൻ ഹൗസ്, നണിയൂർനമ്പ്രം	₹40000/30.3.2021 ₹160000/13.8.2021 ₹100000/1.12.2021 ആകെ : ₹300000	ഗ്രാമ പഞ്ചായത്ത്

മേൽ ഗുണഭോക്താക്കളുടെ വീടിന്റെ നിലവിലുള്ള അവസ്ഥ, പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ എന്നീ വിവരങ്ങൾ അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 14/08-08-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് താഴെപ്പറയുന്ന മറുപടിയാണ് ലഭ്യമാക്കിയത്.

1. ക്രമ നമ്പർ 1 ലെ ഗുണഭോക്താവിന് ₹40000 അഡ്വാൻസ് ആയി അനുവദിച്ചിരുന്നുവെന്നും ഭവന നിർമ്മാണം ആരംഭിക്കുന്ന അവസരത്തിലാണ് പ്രസ്തുത സ്ഥലം ഭവന നിർമ്മാണത്തിന് അനുയോജ്യമല്ലെന്ന് മനസ്സിലായതെന്നും ടി സ്ഥലം കൈമാറ്റം ചെയ്ത് അനുയോജ്യമായ സ്ഥലം കണ്ടെത്തി വീട് നിർമ്മാണം പെട്ടെന്ന് തന്നെ ആരംഭിക്കുമെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

2. ക്രമ നമ്പർ 2 ലെ ഗുണഭോക്താവ് നിലവിൽ ഫൌണ്ടേഷൻ പണി പൂർത്തിയാക്കിയിട്ടുണ്ടെന്നും ഒരു മാസത്തിനുള്ളിൽ ഭവന നിർമ്മാണം ആരംഭിക്കുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

3. ക്രമ നമ്പർ 3 ലെ ഗുണഭോക്താവ് ചിറക്കൽ ഗ്രാമപഞ്ചായത്തിൽ നിന്നും ട്രാൻസ്ഫർ ആയി വന്ന ഗുണഭോക്താവാണെന്നും നിരവധി തവണ ആവശ്യപ്പെട്ടിട്ടും നേരിട്ട് ഹാജരാകുകയോ എഗ്രിമെന്റ് വെയ്ക്കുകയോ ചെയ്തിട്ടില്ലെന്നും ആയതിനാൽ തന്നെ സംസ്ഥാന വിഹിതമായി ലഭിച്ച തുക ഗുണഭോക്താവിന് നൽകിയിട്ടില്ലെന്നും പ്രസ്തുത തുക സെക്രട്ടറിയുടെ തനത് ഫണ്ട് അക്കൗണ്ടിൽ തന്നെയുണ്ടെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. കൂടാതെ പുതിയ ലൈഫ് സർക്കുലർ പ്രകാരം ഭവന നിർമ്മാണം ആരംഭിക്കാത്ത ട്രാൻസ്ഫർ ആയി വന്ന ഗുണഭോക്താക്കളെ അതാത് പഞ്ചായത്തിലേക്ക് തിരിച്ച് ട്രാൻസ്ഫർ ചെയ്യാമെന്നതിന്റെ അടിസ്ഥാനത്തിൽ ട്രാൻസ്ഫർ ചെയ്യാൻ ഭരണ സമിതി തീരുമാനമെടുത്തിട്ടുണ്ടെന്നും തുക ലൈഫ് മിഷനിലേക്ക് തിരിച്ചടക്കുന്ന മുറയ്ക്ക് ഗുണഭോക്താവിനെ ട്രാൻസ്ഫർ ചെയ്യുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

4. ക്രമ നമ്പർ 4 ലെ ഗുണഭോക്താവിന്റെ ഭവന നിർമ്മാണം നിലവിൽ ലിന്റൽ ലെവൽ വരെ ആയിട്ടുണ്ടെന്നും ഭിന്നശേഷിക്കാരിയും വിധവയും സ്ഥിര വരുമാനവും ഇല്ലാത്തയാളാണെന്നും സാമ്പത്തിക പ്രയാസം കാരണമാണ് ഭവനനിർമ്മാണം പൂർത്തിയാക്കാൻ സാധിക്കാത്തതെന്നും ഒരു മാസത്തിനുള്ളിൽ പൂർത്തീകരിക്കുമെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

മേൽ പരാമർശിച്ച ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-25 നിർവഹണ ഉദ്യോഗസ്ഥൻമാർക്ക് നൽകിയ മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല.

കേരള ഫിനാൻഷ്യൽ കോഡ് വാല്യം I ആർട്ടിക്കിൾ 99, ജി.ഒ (പി) നം.419/2011/ഫിൻ തീയതി 04-10-2011 പ്രകാരം മൂന്ന് മാസങ്ങൾക്കകം മുൻകൂർ ക്രമീകരിച്ചിട്ടില്ലെങ്കിൽ തുക പിൻവലിച്ച തീയതി മുതൽ തുക ഈടാക്കുന്നത് വരെയുള്ള കാലയളവിലേക്ക് 18% പലിശ ഈടാക്കേണ്ടതാണെന്ന് പ്രതിപാദിച്ചിട്ടുണ്ട്. മയ്യിൽ ഗ്രാമ പഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ നിർവഹണ ഉദ്യോഗസ്ഥർക്ക് കണ്ടിജന്റ് ചെലവുകൾക്ക് മുൻകൂറായി അനുവദിച്ച ₹158052 യിൽ ₹115883 നാളിതുവരെ ക്രമീകരിച്ചിട്ടില്ല. മുൻകൂർ രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	നിർവഹണ ഉദ്യോഗസ്ഥൻ	അനുവദിച്ച തുക വൗച്ചർ നമ്പർ / തീയതി	ക്രമീകരിച്ചത് (₹)	ക്രമീകരിക്കുവാൻ ബാക്കി (₹)
1	കൃഷി ഓഫീസർ	₹32852 2210033/15.7.2021	0	32852
2	ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ്	₹29000 22200121/28.5.2022	16248	12752
		₹31200 22101193/29.3.2023	25921	5279
3	ഐസിഡിഎസ് സൂപ്പർവൈസർ	₹25000 22200529/12.10.2022	0	25000
4	മെഡിക്കൽ ഓഫീസർ, ഗവ. ആയുർവേദ ഡിസ്പെൻസറി	₹25000 22200731/26.12.2022	0	25000
5	വെറ്റിനറി സർജൻ	₹15000 22201123/30.3.2023	0	15000
	ആകെ	₹158052	₹42169	₹115883

നിർവഹണ ഉദ്യോഗസ്ഥർക്ക് മുൻകൂറായി അനുവദിച്ച തുക ക്രമീകരിക്കുവാനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-26 സ്മാർട്ട് ഐ-ഫേസ് 1- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല ₹50000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	സെക്രട്ടറി
പ്രോജക്ട് നമ്പർ / പേര്	283/23 സ്മാർട്ട് ഐ-ഫേസ് 1
അടങ്കൽ	₹50000 തനത് ഫണ്ട്
ചെലവ്	₹50000 വൗച്ചർ നമ്പർ / തീയ്യതി : 2201031/10-03-23

ഗ്രാമപഞ്ചായത്ത് പരിധിയിലെ പൊതു ഇടങ്ങളിൽ സി.സി.ടി.വി സ്ഥാപിക്കുന്നതിനായുള്ള മേൽ പദ്ധതി പ്രകാരം 2022-23 വർഷം പദ്ധതിയുടെ ഒന്നാംഘട്ടമായി പൂർത്തീകരിക്കേണ്ട പ്രവൃത്തിയുടെ പ്രവർത്തന ചെലവിലേക്ക് ₹50,000 ജില്ലാ ആസൂത്രണ സമിതിയുടെ നിർദ്ദേശപ്രകാരം ജില്ലാ പഞ്ചായത്തിന് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതിയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 9/07-08-2023 പ്രകാരം നൽകിയ

ഓഡിറ്റ് എൻക്വയറിക്ക് പ്രസ്തുത പദ്ധതി ഇതുവരെ പൂർത്തീകരിച്ചിട്ടില്ലെന്നും മയ്യിൽ ഗ്രാമ പഞ്ചായത്ത് ഉൾപ്പെട്ട ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും ആയത് ജില്ലാ പഞ്ചായത്ത് പൂർത്തിയാക്കുന്ന മുറക്ക് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണ് എന്ന മറുപടിയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയത്. പ്രസ്തുത പദ്ധതി പൂർത്തിയാക്കാത്തതിനാൽ ₹50000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-27 പഞ്ചായത്ത് പൊതു ഭൂമിയിൽ തെങ്ങ് വച്ചുപിടിപ്പിക്കൽ - രേഖകൾ ലഭ്യമാക്കിയിട്ടില്ല ₹317731 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	കൃഷി ഓഫീസർ
പ്രൊജക്ട് നമ്പർ / പേര്	198/23 പഞ്ചായത്ത് പൊതു ഭൂമിയിൽ തെങ്ങ് വച്ചുപിടിപ്പിക്കൽ
അടങ്കൽ	₹200000 വികസനഫണ്ട് ₹130000 തനത് ഫണ്ട് ആകെ : ₹330000
ചെലവ്	₹200000 ബിൽ നമ്പർ / തീയ്യതി : 22190852005500377026/02.08.22 ₹ 99000 വൗച്ചർ നമ്പർ / തീയ്യതി : 22200704/12.12.22 ₹ 18731 വൗച്ചർ നമ്പർ / തീയ്യതി : 22200703/12.12.22 ആകെ : ₹317731

ഗ്രാമപഞ്ചായത്ത് പുറംപോക്കിലെ 500 തെങ്ങുകൾക്ക് ജൈവവളം നൽകുന്നതിനും 500 തെങ്ങിൻ തൈകൾ നടുന്നതിനുമുള്ള പദ്ധതിയാണിത്. പ്രസ്തുത പദ്ധതി പ്രകാരം തെങ്ങ് വച്ചു പിടിപ്പിക്കലിനും, വളമിടുന്നതിനുമുള്ള കൂലിയിനത്തിലെ ചെലവ് തുക ₹120785 (102054+18731) മയ്യിൽ കൃഷിശ്രീ സെന്റർ സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. വളം വാങ്ങിയ ഇനത്തിൽ ₹97946 മയ്യിൽ റൈസ് പ്രൊഡ്യൂസേർസ് കമ്പനി എന്ന സ്ഥാപനത്തിനും, തെങ്ങിൻ തൈകളുടെ വില ₹99000 കേരള ആഗ്രോ ഇന്റസ്ട്രീസ് കോർപ്പറേഷനും നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങളുണ്ട്.

1. തെങ്ങുകൾ നട്ടുപിടിപ്പിച്ച ഭൂമി പഞ്ചായത്തിന്റെ ഉടമസ്ഥതയിൽപ്പെട്ടതാണെന്നു തെളിയിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

2. പ്രസ്തുത സ്ഥലത്ത് പ്രവൃത്തി നടത്തിയതുമായി ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥന്റെ പരിശോധനാ റിപ്പോർട്ട് ഇല്ല.

3. പ്രൊജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധയ്ക്ക് ലഭ്യമായിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് 21/10-08-2023 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹317731 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-28 തെങ്ങിന് ജൈവവളം വിതരണം- അനുബന്ധ ചെലവ് രേഖകൾ ലഭ്യമാക്കിയില്ല ₹853173 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ	കൃഷി ഓഫീസർ
പ്രൊജക്ട് നമ്പർ / പേര്	197/23 തെങ്ങിന് ജൈവവളം വിതരണം
അടങ്കൽ	₹853173 വികസന ഫണ്ട്
ചെലവ്	₹159159 ബിൽ നമ്പർ / തീയ്യതി : 22190852005600781327/17.11.22 ₹119369 ബിൽ നമ്പർ / തീയ്യതി : 22190852005600783712/16.11.22 ₹170313 ബിൽ നമ്പർ / തീയ്യതി : 22190852005600714771/01.11.22 ₹239382 ബിൽ നമ്പർ / തീയ്യതി : 22190852005600838111/28.11.22 ₹164950 ബിൽ നമ്പർ / തീയ്യതി : 22190852005600857813/03.12.22 ആകെ : ₹ 853173

തെങ്ങിന് ജൈവവളം വിതരണം എന്ന മേൽ പദ്ധതി പ്രകാരം രജിസ്ട്രേഷനുള്ള ഡിപ്പോകളിൽ നിന്ന് ഗുണഭോക്താക്കൾ നേരിട്ട് വളം വാങ്ങി ബില്ല് സമർപ്പിക്കുന്ന മുറക്ക് തുക അനുവദിക്കുന്നതാണ്. ഒരു തെങ്ങിന് 1 കിലോ കുമ്മായവും 4 കിലോ ജൈവ വളത്തിനുമുള്ള തുകയാണ് അനുവദിക്കുക. അർഹമായ സബ്സിഡി തുക ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നൽകുന്നു. പ്രസ്തുത പദ്ധതി പ്രകാരം 515 ഗുണഭോക്താക്കൾക്ക് മേൽപ്രകാരം തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ ഗുണഭോക്താതാക്കൾ വളം വാങ്ങിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് 22/10-08-23 പ്രകാരം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹853173 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-29 സബ്സെന്ററുകൾക്ക് ഉപകരണം വാങ്ങൽ - വാങ്ങിയ ഉപകരണങ്ങൾ വിതരണം ചെയ്തിട്ടില്ല ₹228660 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, സിഎച്ച്സി മയ്യിൽ
പ്രോജക്ട് നമ്പർ / പേര്	115/23, സബ്സെന്ററുകൾക്ക് ഉപകരണം വാങ്ങൽ
അടങ്കൽ	₹250000 മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം
ചെലവ്	₹74780 ബിൽ നമ്പർ : 352/13.2.2023 (പ്രിന്റർ) ₹138340 ബിൽ നമ്പർ : 377/25.2.2023 (കമ്പ്യൂട്ടർ) ₹15540 ബിൽ നമ്പർ : 470/28.3.2023 (യു.പി.എസ്) ആകെ : ₹228660

സാമൂഹ്യാരോഗ്യ കേന്ദ്രത്തിനു കീഴിലുള്ള മെയിൻ സെന്ററിനും 3 സബ്സെന്ററുകൾക്കും (മുല്ലക്കൊടി, കണ്ടക്കൈ, പെരുമാച്ചേരി) കമ്പ്യൂട്ടറുകളും യു പിഎസും പ്രിന്ററും വാങ്ങുന്നതാണ് പദ്ധതി. ജെം പോർട്ടൽ മുഖേനയാണ് ഉപകരണങ്ങൾ വാങ്ങിയിരിക്കുന്നത്. ടി ഉപകരണങ്ങൾ സ്ഥാപനത്തിന്റെ പ്രധാന സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് നാളിതു വരെ സബ്സെന്ററുകൾക്ക് കൈമാറുകയോ ഇൻസ്റ്റാൾ ചെയ്യുകയോ ചെയ്തിട്ടില്ല. ഉപകരണങ്ങൾ കൈപ്പറ്റി മാസങ്ങൾ കഴിഞ്ഞിട്ടും സബ്സെന്ററുകൾക്ക് കൈമാറാത്തത് നിർവഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. മേൽപ്പറഞ്ഞ കാരണങ്ങളാൽ ₹228660 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകളും രജിസ്റ്ററുകളും ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-30 തനത് വരുമാനം-അവലോകനം

നികുതി ഇനങ്ങളായ വസ്തുനികുതി, തൊഴിൽ നികുതി നികുതിയേതര ഇനങ്ങളായ FTE&OS ലൈസൻസ് ഫീസ്, പെർമിറ്റ് ഫീസ്, ക്രമവൽകരണ ഫീസ്, പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടങ്ങളുടെ വാടക എന്നിവയാണ് ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങൾ. റവന്യൂ ചെലവ് വർഷം തോറും വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ നികുതി നികുതിയേതര വരവുകൾ കൃത്യമായി പിരിച്ചെടുക്കുന്നതിലും നികുതി നികുതിയേതര വരവുകൾ വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതിലും ശ്രദ്ധിക്കേണ്ടതുണ്ട്.

2022-23 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിന്റെ നികുതി നികുതിയേതര വരവുകൾ ഈടാക്കുന്നതിൽ ഭരണസമിതി കാര്യക്ഷമമായി ഇടപെട്ടിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ അവലോകനം നടത്തുകയും വർഷാവസാനം വരുമാനം പൂർണ്ണമായും ഈടാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 08-02-2022 ലെ 89/2022 നം തീരുമാന പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ അനുമതിയില്ലാതെ അധിക നിർമ്മാണം നടത്തുകയും പഞ്ചായത്തിനെ അറിയിക്കാതെ പുതുക്കി പണിതതിന് ശേഷവും പഴയ നമ്പറിൽത്തന്നെ തുടരുകയും ചെയ്യുന്ന കെട്ടിടങ്ങളെ കണ്ടെത്തുന്നതിനായി മാർച്ചിനു ശേഷം ഓരോ വാർഡിലെയും കുറഞ്ഞ വസ്തുനികുതിയുള്ള 10 വീതം വീടുകളിൽ ഫീൽഡ് പരിശോധന നടത്തുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ ജീവനക്കാരുടെ ജോലിഭാരം കാരണം ആയത് നടത്താൻ സാധിച്ചില്ലെന്നും 01-04-2023 ലെ വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഫീൽഡ് പരിശോധന നടത്തുമ്പോൾ ആയത് പരിശോധിക്കുമെന്നും അറിയിച്ചിട്ടുണ്ട്. പുതിയ വരുമാനമേഖലകൾ കണ്ടെത്തി നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തുനിന്ന് കാര്യമായ ഇടപെടലുകൾ ഉണ്ടായിട്ടില്ല.

05-04-2023 ലെ സ.ഉ(അ)നം.25/2023/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം നിലവിൽ വസ്തുനികുതി പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്. വസ്തു നികുതി പരിഷ്കരണ വിജ്ഞാപനം നം.എസ്.സി.2-3981/2023 തി.02-08-2023 പ്രകാരം ഗ്രാമപഞ്ചായത്തിലെ വിവിധ വിഭാഗം കെട്ടിടങ്ങളുടെ വസ്തുനികുതി നിരക്ക് പരിഷ്കരിച്ച് അന്തിമമാക്കിയിട്ടുണ്ട്. എന്നാൽ മേഖലാ അടിസ്ഥാനത്തിലുള്ള വിഭജനം 2011 ലേതുതന്നെ തുടരുകയാണ്. നിലവിൽ കൂടുതൽ സാമ്പത്തിക പുരോഗതി

കൈവരിച്ച പ്രദേശങ്ങൾ ഇല്ലാത്തതിനാൽ തൽസ്ഥിതി തുടരുന്നു എന്നാണ് അറിയിച്ചിട്ടുള്ളത്. 6, 7 എന്നീ വാർഡുകൾ പൂർണ്ണമായും അഞ്ചാം വാർഡ് മയ്യിൽ കാഞ്ഞിരോട് റോഡ് മയ്യിൽ ജങ്ഷൻ മുതൽ കണ്ടക്കൈ റോഡ് വരെ 500 മീറ്റർ ചുറ്റളവിൽ വരുന്ന പ്രദേശവുമാണ് പ്രഥമ മേഖലയിൽ ഉൾപ്പെടുന്നത്. പ്രധാന റോഡുകളിൽ നിന്നുള്ള അകലം കണക്കാക്കി മേഖലകൾ നിശ്ചയിക്കുന്നത് കൂടുതൽ ഉചിതമായിരുന്നെങ്കിലും പ്രസ്തുത രീതി സ്വീകരിച്ചുകാണുന്നില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ നടത്തിയ റാൻഡം പരിശോധനയിൽ മേഖലകൾ സെലക്ട് ചെയ്യുന്നതിൽ തെറ്റുവരുന്നതായി കാണുന്നുണ്ട്. ദ്വിതീയ മേഖല, ത്രിതീയ മേഖല എന്നിവയ്ക്ക് യഥാക്രമം 10%, 20% ഇളവുള്ളതിനാൽ മേഖലയുടെ കൃത്യത ഉറപ്പുവരുത്തേണ്ടത് അനിവാര്യമാണ്. നിലവിൽ നടത്തുന്ന ഫീൽഡ് പരിശോധനയിൽ മേൽപ്പറഞ്ഞവയും ശ്രദ്ധിക്കേണ്ടതാണ്. സ്ലാബിലെ ഏറ്റവും കുറഞ്ഞ നിരക്കാണ് അടിസ്ഥാന വസ്തു നികുതിയായി അംഗീകരിച്ചിരിക്കുന്നത്.

വസ്തുനികുതി നിർണ്ണയിച്ചശേഷം ഗ്രാമപഞ്ചായത്തിനെ അറിയിക്കാതെ അധിക നിർമ്മാണം നടത്തുകയും ഉപയോഗക്രമം മാറ്റുകയും ഒഴിച്ചിടേണ്ട ഭാഗങ്ങളിൽ അനധികൃത നിർമ്മാണങ്ങൾ നടത്തുകയും ചെയ്ത കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്തിൽ ധാരാളമുണ്ടെന്ന് ധനകാര്യ സ്ററാന്റിംഗ് കമ്മറ്റിയിൽ ചർച്ച വന്നിട്ടുണ്ട്. 1.4.23 പ്രാബല്യത്തിൽ വന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി അനധികൃതനിർമ്മാണങ്ങളുടെ വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ സ്വമേധയാ അറിയിക്കുന്നതിന് കെട്ടിട ഉടമകളോട് ആവശ്യപ്പെട്ടത് പ്രകാരം 9ബി ഫാറത്തിൽ അപേക്ഷ നൽകിയവരുടെ എണ്ണം 694 ആണ്. അധിക/അനധികൃത നിർമ്മാണം നടന്ന കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്തിൽ നിരവധിയുണ്ടെന്നാണ് ആയത് വ്യക്തമാക്കുന്നത്. 60 ച.മീറ്ററിനു താഴെ വിസ്തീർണ്ണമുള്ളതുകൊണ്ട് വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടതും മേഖല,വഴി സൗകര്യം,മേൽക്കൂരയുടെ നിർമ്മിതി എന്നിവയിൽ ഇളവുകൾ അനുവദിക്കപ്പെട്ടതുമായ കെട്ടിടങ്ങളെ ഫീൽഡ് പരിശോധനയുടെ സമയത്ത് പരിശോധിച്ച് പ്രസ്തുത ഇളവുകൾ നിലവിൽ നിലനിൽക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

എഫ്.ടി.ഇ ആൻഡ് ഒ എസ് ലൈസൻസ് എടുക്കുന്നതിനായും പുതുക്കുന്നതിനായും നിരവധി അപേക്ഷകൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമായിട്ടുണ്ട്.വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടുണ്ടെങ്കിലും ആയതിന് ഭരണസമിതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. നിലവിൽ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് കണക്കാക്കുന്നത്. അന്വേഷണ റിപ്പോർട്ട്,അപേക്ഷ എന്നിവയെ അടിസ്ഥാനമാക്കിയാണ് മൂലധനനിക്ഷേപം നിലവിൽ കണക്കാക്കിവരുന്നത്.എന്നാൽ ഉയർന്ന മൂലധനം ആവശ്യമുള്ള സംരംഭങ്ങൾക്ക് തുച്ഛമായ തുക മൂലധനനിക്ഷേപമായി രേഖപ്പെടുത്തിയിരിക്കുന്നത് കണ്ടു.ഉദാഹരണമായി കള്ളുഷാപ്പിനും ജ്വല്ലറിക്കും ഒരേ മൂലധനനിക്ഷേപം രേഖപ്പെടുത്തിയിരിക്കുന്നത് കണ്ടു.മൂലധന നിക്ഷേപത്തിന്റെ കൃത്യത ഉറപ്പുവരുത്തുന്നില്ല എന്നാണ് ഇതിൽ നിന്ന് വ്യക്തമാകുന്നത്.ചില സംരംഭങ്ങളുടെ അപേക്ഷയോടൊപ്പം ലഭ്യമാക്കിയ പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സർട്ടിഫിക്കറ്റിൽ ഗ്രാമപഞ്ചായത്ത് കണക്കാക്കിയതിലും ഉയർന്ന തുകയാണ് മൂലധനനിക്ഷേപമായി രേഖപ്പെടുത്തിയിരിക്കുന്നത്.മൂലധനനിക്ഷേപം കണക്കാക്കുന്നതിന്റെ കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.
ഗ്രാമപഞ്ചായത്തിലെ പ്രൊഫഷണൽസ് ഉൾപ്പെടെയുള്ള 1996 ലെ കേരളാ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായവരുടെ ലിസ്റ്റ് കാലികമാക്കേണ്ടതാണ്.
ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാന വർദ്ധനവുമായി ബന്ധപ്പെട്ട മേൽ വിഷയങ്ങളിൽ ഭരണസമിതി കാര്യക്ഷമമായി ഇടപെടുകയും തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-31 ഡെപ്പോസിറ്റ് പ്രവൃത്തികൾ - അവലോകനം

ഗ്രാമപഞ്ചായത്ത് വിവിധ വർഷങ്ങളിലായി കെ.എസ്.ഇ.ബി, കേരള വാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ അതോറിറ്റി തുടങ്ങിയ നിർവ്വഹണ ഏജൻസികൾക്ക് ഡെപ്പോസിറ്റ് പ്രവൃത്തിയിനത്തിൽ തുക നൽകുന്നുണ്ട്. ഏജൻസികളുമായി എഗ്രിമെന്റിൽ ഏർപ്പെടുകയോ നാളിതു വരെ പ്രവൃത്തി പൂർത്തീകരിക്കുകയോ വിനിയോഗവിവരം ലഭ്യമാക്കുകയോ ചെയ്യാത്തവയുടെ വിവരം താഴെ കൊടുക്കുന്നു.

ക്രമ നം	പ്രോജക്ട് നമ്പർ / പ്രവൃത്തിയുടെ പേര്	നിർവ്വഹണ ഏജൻസി	ഡെപ്പോസിറ്റ് ചെയ്ത തുക	ഡെപ്പോസിറ്റ് ചെയ്ത വർഷം/ എഗ്രിമെന്റ് നം/തീയ്യതി	നിർവ്വഹണ ഏജൻസി വിനിയോഗിച്ച തുക	തുക തിരിച്ചു കിട്ടിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ	ക്രമീകരിക്കാൻ ബാക്കിയുള്ള തുക

1	124/22 കുഴൽക്കിണർ നിർമ്മാണം	ഗ്രൗണ്ട് വാട്ടർ അതോറിറ്റി	279000	2021-22 എഗ്രിമെന്റ് ഇല്ല	169885	109115	ഇല്ല
2	224/22 കുഴൽക്കിണർ നിർമ്മാണം	ഗ്രൗണ്ട് വാട്ടർ അതോറിറ്റി	446000	2021-22 എഗ്രിമെന്റ് ഇല്ല	-	-	446000
3	65/23 കുഴൽക്കിണർ നിർമ്മാണം	ഗ്രൗണ്ട് വാട്ടർ അതോറിറ്റി	290000	2022-23 എഗ്രിമെന്റ് ഇല്ല	230720	59280	ഇല്ല
4	29/23	കെ.എസ്.ഇ.ബി	31686	ഇല്ല	പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല	-	31686
ആകെ			1046686		400605	168395	477686

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വിവിധ ഏജൻസികൾക്ക് തുക അനുവദിക്കുന്നതിനു മുമ്പായി ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി തദ്ദേശ സ്ഥാപനത്തിനു നൽകേണ്ടതാണ്. ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രമേ തുക മുൻകൂർ ആയി നൽകാവൂ. ഡെപ്പോസിറ്റ് പ്രവൃത്തികളുടെ സമയ ബന്ധിതമായ പൂർത്തീകരണം സെക്രട്ടറി ഉറപ്പാക്കേണ്ടതുണ്ട്. വിവിധ പ്രവൃത്തികൾക്കായി മയ്യിൽ ഗ്രാമ പഞ്ചായത്ത് ഭൂജല വകുപ്പിന് തുക കൈമാറിയപ്പോൾ കരാറിൽ ഏർപ്പെട്ടിട്ടില്ല. ക്രമ നമ്പർ 2 പ്രകാരമുള്ള കുഴൽക്കിണർ നിർമ്മാണം പൂർത്തീകരണ/വിനിയോഗവിവരം ലഭ്യമായിട്ടില്ല. ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വിവിധ ഏജൻസിക്ക് തുക നൽകുമ്പോൾ കരാർ ചമക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2022-23	08-08-2023	കെ.എസ്.എ/കെ.എൻ.ആർ/സി.2/ 1323/ 2023 തീയതി - 25-09-2023

4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ക്രമ	വിഹിതം നൽകിയ	ലഭിച്ച	തുക ലഭിച്ച	പദ്ധതിയുടെ	ചെല വഴിച്ച	നീക്കി യിരിപ്പ്

നമ്പർ	സ്ഥാപനം	തുക ₹	വർഷം	നമ്പർ/പേര്	തുക	
1	ബ്ലോക്ക് പഞ്ചായത്ത്	153900	2022-23	10/23 ബഡ്റീഹാബി ലിറ്റേഷൻ സെന്റർ പ്രവർത്തനം	153900	ഇല്ല
2	ബ്ലോക്ക് പഞ്ചായത്ത്	750000	2022-23	20/23 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	750000	ഇല്ല
3	ബ്ലോക്ക് പഞ്ചായത്ത്	188091	2022-23	21/23 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (സ്പിൽ ഓവർ)	188091	ഇല്ല
4	ബ്ലോക്ക് പഞ്ചായത്ത്	1300000	2022-23	100/23 ലൈഫ് ഭവന നിർമ്മാണ പദ്ധതി (എസ്.സി) (സ്പിൽ ഓവർ)	1300000	ഇല്ല
5	ബ്ലോക്ക് പഞ്ചായത്ത്	460000	2022-23	151/23 സമ്പൂർണ്ണ നെൽകൃഷി	460000	ഇല്ല
6	ബ്ലോക്ക് പഞ്ചായത്ത്	200000	2022-23	195/23 ക്ഷീര സഹകരണ സംഘങ്ങളിലെ കർഷകർക്ക് പാലിന് സബ്സിഡി	200000	ഇല്ല
	ആകെ	3051991			3051991	
7	കണ്ണൂർ ജില്ലാ പഞ്ചായത്ത്	52000	2022-23	10/23 – ബഡ് റീഹാബി ലിറ്റേഷൻ സെന്റർ പ്രവർത്തനം	52000	ഇല്ല
8	കണ്ണൂർ ജില്ലാ പഞ്ചായത്ത്	250000	2022-23	20/23 ശാരീരികമാനസിക വെല്ലുവിളിനേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	250000	ഇല്ല
9	കണ്ണൂർ ജില്ലാ പഞ്ചായത്ത്	200000	2022-23	27/23 സ്വാന്ത്വന പരിചരണം	200000	ഇല്ല
10	കണ്ണൂർ ജില്ലാ പഞ്ചായത്ത്	100000	2022-23	99/23 ലൈഫ് ഭവന നിർമ്മാണ പദ്ധതി (സ്പിൽ ഓവർ)	100000	ഇല്ല
11	കണ്ണൂർ ജില്ലാ പഞ്ചായത്ത്	2120000	2022-23	100/23 ലൈഫ് ഭവന നിർമ്മാണ പദ്ധതി (എസ്.സി) (സ്പിൽ ഓവർ)	2120000	ഇല്ല
12	കണ്ണൂർ ജില്ലാ പഞ്ചായത്ത്	4000000	2022-23	102/23 ലൈഫ് ഭവന പദ്ധതി ലൈഫ് 2020	4000000	ഇല്ല
13	കണ്ണൂർ ജില്ലാ പഞ്ചായത്ത്	3370144	2022-23	151/23 സമ്പൂർണ്ണ നെൽകൃഷി	3370144	ഇല്ല
14	കണ്ണൂർ ജില്ലാ പഞ്ചായത്ത്	200000	2022-23	195/23 ക്ഷീര സഹകരണ	200000	ഇല്ല

				സംഘങ്ങളിലെ കർഷകർക്ക് പാലിന് സബ്സിഡി		
15	കണ്ണൂർ ജില്ലാ പഞ്ചായത്ത്	2098480	2022-23	239/23 സമ്പൂർണ്ണ നെൽകൃഷി (സ്പിൽ ഓവർ)	2098480	ഇല്ല
	ആകെ	12390624			12390624	

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	നൽകിയ തുക	വൗച്ചർ നമ്പർ/ തീയതി	ചെലവഴിച്ച തുക ₹	പൂർത്തീകരിച്ച വിവരം
ഗ്രൗണ്ട് വാട്ടർ അതോറിറ്റി	65/23 കുഴൽ കിണർ നിർമ്മാണം (സ്പിൽ ഓവർ)	290000	22200468/ 17-09-2022	230720	പൂർത്തീകരിച്ചു. 12-04-2023ന് ₹59280 തിരികെ ലഭിച്ചു
കെ.എസ്. ഇ.ബി.	85/23 സ്ട്രീറ്റ് ലൈറ്റിന് വേണ്ടി കെ.എസ്. ഇ.ബി. ലൈൻ	963895	22200629/ 18-11-2022	784181	പൂർത്തീകരിച്ചു.
			22200644/	64295	

	വലിക്കൽ		25-11-2022		
			22200843/ 25-01-2023	115419	
			ആകെ	963895	
കെ.എസ്. ഇ.ബി.	24/23 ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ	31686	22200387/ 29-08-2022	വിവരം ലഭ്യമല്ല	പൂർത്തീകരിച്ചിട്ടില്ല

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഇല്ല

4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള വായ്പാ തുകയുടെ വിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തിയ്യതി	വായ്പാ തുക	വർഷാരം വർഷാരം ഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻ വർഷം ലഭിച്ച വായ്പാ തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക
					മുതൽ	പലിശ	
ലൈഫ് മിഷൻ ഭവന പദ്ധതി (ഹഡ്കോ)	ജി. ഒ. (എം.എസ്) നം.68/2018/ ത.സ്വ.ഭ.വ/ 18-5-2018	12564661	9088661	ഇല്ല	2121199		6967462

4-6 സ്ഥിരനിക്ഷേപങ്ങൾ

മുന്നിരിപ്പ്	44791463
തൻവർഷം നിക്ഷേപിച്ചത്	3022073
ആകെ	47813536
തൻവർഷം പിൻവലിച്ചത്	ഇല്ല
വർഷാവസാനം നീക്കിയിരിപ്പ്	47813536

വർഷാവസാനം നീക്കിയിരിപ്പുള്ള സ്ഥിരനിക്ഷേപത്തിന്റെ വിവരം

ക്രമ	സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി	തുക ₹

നമ്പർ		
1	മയ്യിൽ സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്, മയ്യിൽ ബ്രാഞ്ച് സർട്ടിഫിക്കറ്റ് നമ്പർ 1238212/22-04-2022	9211517
2	മയ്യിൽ സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്, മയ്യിൽ ബ്രാഞ്ച് സർട്ടിഫിക്കറ്റ് നമ്പർ 1249053/22-05-2022	16111517
3	മയ്യിൽ സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്, മയ്യിൽ ബ്രാഞ്ച് സർട്ടിഫിക്കറ്റ് നമ്പർ 1243507/29-06-2022	7896787
4	മുല്ലക്കൊടി കോ ഓപ്പറേറ്റീവ് റൂറൽ ബാങ്ക്, മയ്യിൽ ബ്രാഞ്ച് സർട്ടിഫിക്കറ്റ് നമ്പർ 8245/04-07-2022	6023621
5	മുല്ലക്കൊടി കോ ഓപ്പറേറ്റീവ് റൂറൽ ബാങ്ക്, മയ്യിൽ ബ്രാഞ്ച് സർട്ടിഫിക്കറ്റ് നമ്പർ 8366/30-09-2022	8550094
6	മലബാർ ടൂറിസം ഡവലപ്പ്മെന്റ് കോ ഓപ്പറേറ്റീവ് ലിമിറ്റഡ് ഷെയർ സർട്ടിഫിക്കറ്റ് നമ്പർ 219/11-02-2005	20000
	ആകെ	47813536

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

എ. സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	₹	52801212
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	₹	43083052
വരവിനങ്ങളിലുള്ള നഷ്ടം	₹	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	₹	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	₹	2249929

ബി. പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

സി. ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേര് വിവരം
1-17	202131	ശ്രീ. കമാലുദ്ദീൻ. എൻ. പി, വി.ഇ.ഒ. മയ്യിൽ
1-18	81800	ശ്രീ. പി. ബാലൻ, സെക്രട്ടറി
1-20	3854	ഡോ. കാർത്ത്യായാനി. പി. കെ.മെഡിക്കൽ ഓഫീസർ CHC
1-21	150000	ഡോ. പി. വി. രാജേഷ്.മെഡിക്കൽ ഓഫീസർ GAD
1-23	362580	ശ്രീമതി എ. ബീന, അസിസ്റ്റന്റ് എഞ്ചിനീയർ

1-26	50000	ശ്രീ. രജീഷ്. ടി, സെക്രട്ടറി
1-27	317731	ശ്രീ. പ്രമോദ്. എസ്, കൃഷി ഓഫീസർ
1-28	853173	ശ്രീ. പ്രമോദ്. എസ്, കൃഷി ഓഫീസർ
1-29	228660	ഡോ. കാർത്ത്യായാനി. പി. കെ.മെഡിക്കൽ ഓഫീസർ CHC
ആകെ	2249929	

ഡി. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഇ. നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ്. റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തി നും തടസ്സത്തിനും ഉ ത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസം

ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ പേര് വിവരം	ഇപ്പോഴത്തെ ഔദ്യോഗിക വിലാസം	സ്ഥിരം മേൽവിലാസം
ശ്രീ. പി. ബാലൻ, സെക്രട്ടറി	ഇന്റേണൽ വിജിലൻസ് ഓഫീസർ തദ്ദേശ സ്വയം ഭരണ വകുപ്പ്	പോത്തൻ ഹൌസ്, പി. ഒ. കമ്പിൽ, നാറാത്ത്, കണ്ണൂർ
ശ്രീ. രജീഷ്. ടി, സെക്രട്ടറി	അസി. സെക്രട്ടറി, മയ്യിൽ ഗ്രാമ പഞ്ചായത്ത്	തറമ്മൽ ഹൗസ്, പറശ്ശിനിക്കടവ്, കണ്ണൂർ
ശ്രീ. കമാലുദ്ദീൻ. എൻ. പി, വി.ഇ.ഒ. മയ്യിൽ	ശ്രീ. കമാലുദ്ദീൻ. എൻ. പി, വി.ഇ.ഒ. മയ്യിൽ	ഞാറ്റിയാൽ പുതിയപുരയിൽ പി. ഒ. കൊയ്യം, തളിപ്പറമ്പ്, കണ്ണൂർ
ഡോ. കാർത്ത്യായാനി. പി. കെ, മെഡിക്കൽ ഓഫീസർ CHC	ഡോ. കാർത്ത്യായാനി. പി. കെ, മെഡിക്കൽ ഓഫീസർ CHC	കാർത്തിക, അതിരകം സ്കൂൾറോഡ്, പി. ഒ. മുണ്ടയാട്, കണ്ണൂർ
ഡോ. പി. വി. രാജേഷ്, മെഡിക്കൽ ഓഫീസർ GAD	ഡോ. പി. വി. രാജേഷ്, മെഡിക്കൽ ഓഫീസർ GAD	മൊട്ടമ്മൽ ഹൌസ്, കണ്ണോം, പി. ഒ. ഏഴോം, കണ്ണൂർ
ശ്രീ. പ്രമോദ്. എസ്, കൃഷി ഓഫീസർ	ശ്രീ. പ്രമോദ്. എസ്, കൃഷി ഓഫീസർ, മയ്യിൽ	റോസ് ഗാർഡൻ, TC18/1564, തിരുമല, തിരുവന്തപുരം

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം

1997-98	നം.കെ.എസ്.എ/കെ.എൻ.ആർ/സി.2/ 1414/2022 തീയതി 13-10-2022	4
1998-99	നം.കെ.എസ്.എ/കെ.എൻ.ആർ/സി.2/ 1414/2022 തീയതി 13-10-2022	15
1999-2000	നം.കെ.എസ്.എ/കെ.എൻ.ആർ/സി.2/ 1414/2022 തീയതി 13-10-2022	4
2000-01 (പദ്ധതി യേതരം)	നം.കെ.എസ്.എ/കെ.എൻ.ആർ/സി.2/ 1414/2022 തീയതി 13-10-2022	1
2003-04	നം.കെ.എസ്.എ/കെ.എൻ.ആർ/സി.2/ 1414/2022 തീയതി 13-10-2022	3
2004-05	നം.കെ.എസ്.എ/കെ.എൻ.ആർ/സി.2/ 1414/2022 തീയതി 13-10-2022	1
2005-06	നം.കെ.എസ്.എ/കെ.എൻ.ആർ/സി.2/ 1414/2022 തീയതി 13-10-2022	1
2006-07	നം.കെ.എസ്.എ/കെ.എൻ.ആർ/സി.2/ 1414/2022 തീയതി 13-10-2022	2
2007-08	നം.കെ.എസ്.എ/കെ.എൻ.ആർ/സി.2/ 1414/2022 തീയതി 13-10-2022	6
2008-09	നം.കെ.എസ്.എ/കെ.എൻ.ആർ/സി.2/ 1414/2022 തീയതി 13-10-2022	8
2009-10, 2010-11	നം.കെ.എസ്.എ/കെ.എൻ.ആർ/സി.2/ 1414/2022 തീയതി 13-10-2022	3
2011-12 2012-13	നം.കെ.എസ്.എ/കെ.എൻ.ആർ/സി.2/ 1414/2022 തീയതി 13-10-2022	4
2016-17	നം.കെ.എസ്.എ/കെ.എൻ.ആർ/സി.2/ 1414/2022 തീയതി 13-10-2022	1
2017-18	നം.കെ.എസ്.എ/കെ.എൻ.ആർ/സി.2/ 1414/2022 തീയതി 13-10-2022	2
2018-19	നം.കെ.എസ്.എ/കെ.എൻ.ആർ/സി.2/ 1414/2022 തീയതി 13-10-2022	3
2019-20	നം.കെ.എസ്.എ/കെ.എൻ.ആർ/സി.14/ 773/2021 തീയതി 02-09-2021	26
2020-21	നം.കെ.എസ്.എ/കെ.എൻ.ആർ/സി.14/ 774/2021 തീയതി 08-09-2021	20
2021-22	നം.കെ.എസ്.എ/കെ.എൻ.ആർ/സി.2/ 591/2023 തീയതി 30-05-2023	30

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

Annexure 1

Audit Certificate

i. I have audited the attached Financial statements approved vide resolution number 97/2023 dated 27-06-2023 and submitted on 01-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Mayyil Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Mayyil Grama Panchayat for the year 2022-2023

Date: 25/09/2023

Deputy Director
District Office Kannur
Kerala State Audit Department

Audit Report appended to the Audit Certificate of Mayyil Grama Panchayat for the Year 2022-2023.

1.Major Observations

1. B-1 Schedule of the Annual Financial Statements is not submitted.

2. Net increase / decrease in cashflow does not match with the difference between the opening balance and closing balance of
cash and cash equivalents.

3. The Asset value shown in balance sheet (Schedule B-11) is not traceable to Asset Register due to unsupported design of
existing Asset Register.

2.Other Observations

1. Mandatory financial statements such as Ratios prescribed in accounting rules is not submitted for audit.

2. Rs. 2050 the amount recorded as stale cheque in B-9 Schedule of the Annual Financial Statement has not been transferred
to the Panchayat Fund
3. Capital work in progress (B-11 (b) Provision for the previous year (Rs.1769491) is the same as the provision for the year 2022-23.

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ മയ്യിൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം 3

RECEIPT & PAYMENT STATEMENT

For the period from 01-April-2022 to 31-March-2023			
Code.No	Description of Items	Schedule No	Amount
	RECEIPTS		
	Opening Balance		
Bank	Bank	RP-40(a)	20493577.00
	Operating		
110000000	Tax Revenue	RP-1	1574520.00
130000000	Rental income from Panchayat Properties	RP-3	17499.00
140000000	Fees & User Charges	RP-4	1263508.00
150000000	Sale & Hire Charges	RP-5	126655.00
160000000	Revenue Grants, Funds, Contributions & Compensations	RP-7	15886100.00
171000000	Interest Earned	RP-9	326737.00
190000000	Prior Period Income	RP-11	392636.00
240000000	Interest & Finance Charges	RP-15	18.00
290000000	Transfer to Reserve Funds / Prior Period Item(ILGMS)	RP-25	73640.00
311000000	Earmarked Funds	RP-28	23220.00
320000000	Grants, Funds & Contributions for Specific Purposes	RP-30	21994512.00
431000000	Sundry Debtors (Receivables)	RP-45	8833265.00
460000000	Loans, Advances and Deposits	RP-49	196488.00
	Non Operating		
170000000	Income from Investments	RP-8	0.0
180000000	Other Income	RP-10	17301.00

340000000	Deposits Received	RP-33	563259.00
350000000	Other Liabilities	RP-35	1511854.00
	Grand total		73294789.00
	PAYMENTS		
	Operating		
220000000	Administrative Expenses	RP-13	49200.00
320000000	Grants, Funds & Contributions for Specific Purposes	RP-30	3500000.00
414000000	Annual plan - Capital Expences(Service Sector)	RP-41	50400.00
415000000	Annual plan - Capital Expences(Infrastructure Sector)	RP-42	2370.00
431000000	Sundry Debtors (Receivables)	RP-45	1886357.00
460000000	Loans, Advances and Deposits	RP-49	513388.00
	Non Operating		
340000000	Deposits Received	RP-33	110010.00
350000000	Other Liabilities	RP-35	36971327.00
	Closing Balance		
Bank	Bank	RP-40(b)	30075061.00
Cash	Cash	RP-40(b)	136676.00
	Grand Total	73294789.00	
	Non Operating		

അനുബന്ധം 4

INCOME & EXPENDITURE STATEMENT

For the period from 01-April-2022 to 31-March-2023			
Code.No	Description of Items	Schedule No	Amount
	INCOME		
110000000	Tax Revenue	I-1	8844103.00
120000000	Assigned Revenues, Shared Taxes and Compensations (BLOCKED)	I-2	0.0
130000000	Rental Income from Panchayat / Municipal Properties	I-3	885617.00
140000000	Fee & User Charges	I-4	1610493.00
150000000	Sale & Hire Charges	I-5	126655.00
160000000	Revenue Grants, Funds, Contributions & Compensations / Subsidies	I-6	173322299.00
170000000	Income from Investments	I-7	3022073.00
171000000	Interest Earned	I-8	326737.00
180000000	Other Income	I-9	633914.00
190000000	Prior Period Income	I-19	200586.00
	Total Income		188771891.00
	EXPENDITURE		
210000000	Establishment Expenses	I-10	13395202.00
220000000	Administrative Expenses	I-11	2840078.00
230000000	Operations & Maintenance	I-12	1357865.00
240000000	Interest & Finance Charges	I-13	906.00
250000000	Decentralised Plan Programme-Productive Sector / Programme Expenses	I-14	13796924.00

251000000	Decentralised Plan Programme-Service Sector	I-14(A)	35402030.00
252000000	Decentralised Plan Programme-Infrastructure Sector	I-14(B)	3411445.00
253000000	Decentralised Plan Programme-Projects not included in Sector Division	I-14(C)	37059984.00
254000000	Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme)	I-14(D)	61837100.00
255000000	Maintenance Projects	I-14(E)	0.0
256000000	Other Revenue Grants and Funds - Revenue Expenses	I-14(F)	1287672.00
260000000	Grants, Contributions & Compensation from Own Fund / Subsidies	I-15	0.0
270000000	Provisions and Write off	I-16	6824.00
271000000	Miscellaneous Expenses on Disposal of Assets and Investments	I-17	0.0
272000000	Depreciation	I-17(A)	20708667.00
	Total Expenditure		191104697.00
	Gross Surplus / Deficit of income over Expenditure		-2332806.00
	Gross Surplus / Deficit of income over Expenditure		-2459752.00
290000000	Transfer to Reserve Funds/Prior Period Item(ILGMS)	I-18	-73640.00
	Net Balance being surplus/ deficit carried over to Balance Sheet		126946.00

	(Panchayat Fund)		

അനുബന്ധം 5

BALANCE SHEET

BALANCE SHEET OF MAYYIL GRAMA PANCHAYAT AS ON 31-March-2023			
Code.No	Description of Items	Schedule No	Amount
	LIABILITIES		
	Reserve & Surplus		
310000000	Panchayat / Municipal Fund	B-1	46920786.00
311000000	Earmarked Funds - Special Funds/Sinking Fund/Trust or Agency Fund	B-2	78518.00
312000000	Reserves	B-3	79516477.00
	Total Reserve & Surplus		126515781.00
	Grants, Contributions for Specific Purposes		
320000000	Grants, Funds & Contribution for Specific Purposes	B-4	18204323.00
	Total Grants, Contributions for Specific Purposes		18204323.00
	Loans		
330000000	Secured Loans	B-5	6967462.00
331000000	Unsecured Loans	B-6	0.0
	Total Loans		6967462.00
	Current Liabilities & Provisions		
340000000	Deposits Received	B-7	1940794.00
341000000	Deposits Works	B-8	0.0
350000000	Other Liabilities	B-9	2714126.00
360000000	Provisions	B-10	0.0

	Total Current Liabilities and Provisions		4654920.00
	TOTAL LIABILITIES		156342486.00
	ASSETS		
	Fixed Assets		
410000000	Fixed Assets	B-11	0.0
412000000	Capital Work in Progress	B-11(b)	1769491.00
413000000	Annual Plan - Capital Expences (Productive Sector)	B11-(c)	1297850.00
414000000	Annual Plan - Capital Expences (Service Sector)	B11-(d)	20527616.00
415000000	Annual Plan - Capital Expences (Infrastructure Sector)	B11-(e)	141838656.00
416000000	Accumulated Depreciation	B-11(a)	-91726067.00
	Total Fixed Assets		73707546.00
	Investments		
420000000	Investments-General Fund	B-12	47813536.00
421000000	Investments - Other Funds / Sundry Debtors	B-13	0.0
	Total Investments		47813536.00
	Current Assets, Loans and Advances		
430000000	Stock-in-hand	B-14	0.0
431000000	Sundry Debtors (Receivables)	B-15	2886438.00
432000000	Accumulated Provisions Against Debtors (Receivables)	B-15(a)	0.0
440000000	Pre-paid Expenses	B-16	0.0
450000000	Cash and Bank Balance	B-17	30211737.00
460000000	Loans, Advances and Deposits	B-18	1723229.00
461000000	Accumulated Provisions against Loans,Advances and Deposits	B-18(a)	0.0

	Total Current Assets, Loans and Advances		34821404.00
	Other Assets		
470000000	Other Assets	B-19	0.0
	Total Other Assets		0.0
	Miscellaneous Expenditure (To the Extent not written off)		
480000000	Miscellaneous Expenditure to be written off	B-20	0.0
	Total Miscellaneous Expenditure (To the Extent not written off)		0.0
	TOTAL ASSETS		156342486.00

DEPUTY DIRECTOR
DISTRICT AUDIT OFFICE, KANNUR
KERALA STATE AUDIT DEPARTMENT